# മൊകേരി ഗ്രാമപഞ്ചായത്ത്

# സ്റ്റാറ്റസ് റിപ്പോർട്ട്

# 2026-2027

# പൊതുഭരണവും ധനകാര്യവും

# ആമുഖം

കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്കിൽപ്പെട്ട മൊകേരി ഗ്രാമപഞ്ചായത്ത് താരതമ്യേന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തായിരുന്നു. ജനകായാസൂത്രണത്തിന്റെ 30 വർഷത്തെ അനുഭവ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വളരെയേറെ മുന്നേറാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്ത് ആസ്ഥാനം മാക്കൂൽപീടികയിലായിരുന്നു. പിന്നീട് പാറേമ്മൽ സ്കൂളിനടുത്ത് വായനശാല കെട്ടിടത്തിലേക്ക് മാറുകയും ചെയ്തു. പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് കൃഷി ഭവൻ, വിഇഒ ഓഫീസ്, ഐസിഡിഎസ് സൂപ്പർ വൈസറുടെ ഓഫീസ്, എൽ ഐഡി & ഇ ഡബ്ല്യു ഓഫീസ് എന്നീ ഘടകസ്ഥാപനങ്ങളും കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എ എന്നീ ഓഫീസുകളും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ നിയമസഹായ സംവിധാനവും ഒരുക്കിയിട്ടുണ്ട്. വളരെ വിപുലമായ ഒരു കോൺഫറൻസ് ഹാളും ഓഫീസിനോടനുബന്ധിച്ച് ഉണ്ട്.

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

മൊകേരി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം ആരംഭിക്കുന്നതിന് മുമ്പ് കണ്ണൂർ ജില്ലയിലെ സാമ്പത്തികമായി പിന്നോട്ടുനിൽക്കുന്ന പഞ്ചായത്തുകളിൽ ഉൾപ്പെട്ടിരുന്ന ഒരു പഞ്ചായത്തായിരുന്നു. നിത്യനിദാന ചിലവുകൾ വഹിക്കാൻ മാത്രമേ പഞ്ചായത്തിന് കഴിഞ്ഞിരുന്നുള്ളു. എന്നാൽ ഇന്ന് സാമ്പത്തിക സ്ഥിതിയും അടിസ്ഥാന സൗകര്യങ്ങളും വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിന്റെ ഭരണസിരാകേന്ദ്രവും ആസ്ഥാനവുമായ പഞ്ചായത്ത് ഓഫീസ് മാക്കൂൽ പീടികയിലായിരുന്നു. അത് പിന്നീട് പാറേമ്മൽ സ്കൂളിന് സമീപമുള്ള വായനശാല കെട്ടിടത്തിലേക്ക് മാറ്റുകയും പിന്നീട് ഇന്നത്തെ പാത്തിപ്പാലത്ത് പ്രവർത്തിച്ചുവരുന്നു. മുൻകാലത്ത് യാതൊരു അടിസ്ഥാനസൗകര്യവുമില്ലാത്ത പഞ്ചായത്ത് ഓഫീസ് ഇന്ന് ജില്ലയിലെ തന്നെ സാമാന്യം നല്ല സൗകര്യങ്ങളുള്ള ഒരു പഞ്ചായത്ത് ഓഫീസായി പ്രവർത്തിക്കുന്നു. ഘടകസ്ഥാപനങ്ങളായ കൃഷിഭവൻ ,വിഇഒ ഓഫീസ്, എൽ എസ് ജി ഡി എഞ്ചിനീയറിംഗ്, ഐ.സി.ഡി.എസ് ഓഫീസ്-കുടുംബശ്രീ ആസ്ഥാനം തൊഴിലുറപ്പ് പദ്ധതി എന്നിവയും പഞ്ചായത്ത് ഓഫീസിന് അനുബന്ധമായി പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ ഒരിക്കൽ നിയമസഹായ വളണ്ടിയർമാരുടെ ഓഫീസും പ്രവർത്തിച്ചു വരുന്നു. നല്ല രീതിയിലുള്ള കോൺഫറൻസ് ഹാളും പഞ്ചായത്തിനുണ്ട്. 22/07/2019 ന് പഞ്ചായത്ത് ഐഎസ്ഒ സർട്ടിഫിക്കേഷൻ ലഭിച്ചു. കൂടാതെ ശുചിത്വം,മാലിന്യ സംസ്ക്കരണം എന്നിവയുമായി ബന്ധപ്പെട്ട് വാതകശ്മശാനവും എംസിഎഫും 14 മിനി എംസിഎഫും പഞ്ചായത്ത് നിർമ്മിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റ കീഴിൽ താഴെ പറയുന്ന സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു.

1. വെറ്റിനറി ഡിസ്പൻസറി
2. ഫാമിലി ഹെൽത്ത് സെന്റർ
3. ഹോമിയോ ഡിസ്പൻസറി
4. ആയുർവേദ ഡിസ്പൻസറി
5. ഗവ.എൽ.പി സ്കൂൾ കൂരാറ
6. ഗവ.യു പി സ്കൂൾ മൊകേരി ഈസ്റ്റ്
7. കൃഷി ഓഫീസ് മൊകേരി
8. ഐ.സി.ഡി.എസ് ഓഫീസ്
9. വിഇഒ ഓഫീസ്
10. കുടുംബശ്രീ ഓഫീസ്

പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ വൽക്കരണം ഏകദേശം പൂർത്തിയായി വരുന്നു. ഐകെഎം ന്റെ സഹായത്താൽ താഴെ പറയുന്ന സോഫ്റ്റ് വെയറുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. കെസ്മാർട്ട്
2. സേവനപെൻഷൻ
3. സുലേഖ
4. സ്ഥാപന
5. സൂചിക
6. സചിത്ര

കമ്പ്യൂട്ടർ വൽക്കരണത്തിലൂടെ 1970 മുതലുള്ള ജനന മരണം, വിവാഹം രജിസ്ട്രേഷനുകളുടെ സർട്ടിഫിക്കറ്റുകൾ കെസ്മാർട്ട് സോഫ്റ്റ് വെയറിലൂടെ പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി എടുക്കാൻ സാധിക്കുന്നു. വളരെയധികം സമയനഷ്ടം ഉണ്ടാകുന്ന റെക്കോർഡ് തിരച്ചിൽ എന്ന ഭാരിച്ച പ്രവൃത്തി കമ്പ്യൂട്ടർ വൽക്കരണത്തിലൂടെയും ഐസ്ഒ യുടെ ഭാഗമായി കൃത്യതയോടെയുള്ള റെക്കോർഡ് റൂം ക്രമീകരണത്തിലൂടെയും പഞ്ചായത്തിന് നിമിഷങ്ങൾക്കകം പൂർത്തിയാക്കാൻ സാധിക്കുന്നു. സേവനപെൻഷൻ സോഫ്റ്റ് വെയർ വന്നതോടുകൂടി മണിയോർഡർ ഫോം എഴുതി പെൻഷൻ പണം നൽകിയിരുന്ന രീതിയിൽ നിന്നും മാറി ഓരോ പഞ്ചായത്തിന്റെയും പെൻഷൻ ഗുണഭോക്താക്കൾക്ക് ഡിബിടി സെൽ നേരിട്ട് ധനകാര്യസ്ഥാപനങ്ങൾ വഴി പെൻഷൻ വിതരണം ചെയ്തുവരുന്നു. കൂടാതെ പഞ്ചായത്തിന്റെ വരവ്, ചെലവ് കണക്കുകൾ, ദൈനംദിന വരവ് എന്നിവ കെസ്മാർട്ട് സോഫ്റ്റ്വെയറിലൂടെ നിമിഷ നേരം കൊണ്ട് അറിയാൻ കഴിയുന്നു. പോയകാല ജനകീയാസൂത്രണ പദ്ധതിയിൽ വളരെ അധികം മനുഷ്യാധ്വാനം ആവശ്യമായി വന്ന പദ്ധതി സമർപ്പിക്കൽ ഇന്ന് സുലേഖ സോഫ്റ്റ് വെയറിലൂടെ വളരെ എളുപ്പം ചെയ്യാൻ സാധിക്കുന്നു.

ജനകീയാസൂത്രണം ആരംഭിക്കുന്നതിന് മുമ്പ് മൊകേരി ഗ്രാമപഞ്ചായത്തിൽ ഒരു എക്സിക്യൂട്ടീവ് ഓഫീസറും ഒരു ഹെഡ്ക്ലാർക്കും ഒരു യു ഡി സി യും ഒരു പഞ്ചായത്ത് അസിസ്റ്റന്റും രണ്ട് ജെ.ബി.സിമാരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് പഞ്ചായത്തിലെ ജീവനക്കാരുടെ എണ്ണത്തിൽ വലിയ മാറ്റമുണ്ടായിട്ടുണ്ട്. സെക്രട്ടറി(1),അസിസ്റ്റന്റ് സെക്രട്ടറി(1), ഹെഡ്ക്ലാർക്ക്(1) ,അക്കൗണ്ടന്റ്(1), സീനിയർ

ക്ലാർക്ക് (2), ക്ലാർക്ക് (4), ഓഫീസ് അറ്റന്റന്റ്(1), പാർട്ട് ടൈം സാനിറ്ററി വർക്കർ(1) എന്നീ തസ്തികകൾ നിലവിലുണ്ട്.

കൂടാതെ കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും താഴെ പറയുന്ന ജീവനക്കാരും പ്രവർത്തിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് അക്രഡിറ്റഡ് എഞ്ചിനീയർ(1), ഓവർസിയർ(1), അക്കൗണ്ടന്റ് കം ഡാറ്റഎൻട്രി ഓപ്പറേറ്റർ(2) എന്നിവരും ഒരു ടെക്നിക്കൽ അസിസ്റ്റന്റും ഒരു ഡ്രൈവറും, ഒരു പ്രൊജക്റ്റ് അസിസ്റ്റന്റും കുടുംബശ്രീ പ്രവർത്തനങ്ങളെ സഹായിക്കാൻ അക്കൗണ്ടന്റും സാക്ഷരതാ പ്രവർത്തനങ്ങൾ നടത്താൻ പ്രേരക്മാരും , എസ് സി പദ്ധതി പ്രവർത്തനം നടത്താൻ പ്രമോട്ടറും നിലവിലുണ്ട്. പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലും ജീവനക്കാർ പ്രവർത്തിച്ചു വരുന്നു.

## <u>ഐ.കെ.എം സോഫ്റ്റ്വെയർ വിന്യാസം</u>



## ഫ്രണ്ട് ഓഫീസ്

പഞ്ചായത്തിൽ നിന്ന് മാത്രം 36 ലധികം സേവനങ്ങൾ ഇപ്പോൾ നൽകി വരുന്നുണ്ട്. കൂടാതെ ,സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന ഉത്തരവുകൾക്ക് അനുസൃതമായി സേവനങ്ങൾ നൽകാൻ ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് സാധിക്കുന്നുണ്ട്. പഞ്ചായത്തിലെ ഒരു പ്രധാനശാപമാണ് ലഭിക്കുന്ന അപേക്ഷകളും പരാതികളും കാണാതെ പോകുന്ന അവസ്ഥ. ഈ അവസ്ഥയ്ക്ക ഒരു പരിധി വരെ പരിഹാരം കാണാൻ ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്. അപേക്ഷകർക്ക് കൈപ്പറ്റ് രശീതി നൽകുന്നതോടൊപ്പം ഏതു ദിവസങ്ങളിലാണ് സേവനം ലഭ്യമാക്കുക എന്ന വിവരവും നൽകാൻ കഴിയുന്നുണ്ട്. അപേക്ഷകൾ അതാത് സമയം തന്നെ പരിശോധിക്കുന്നതിനാൽ അപാകതകൾ അപ്പോൾ തന്നെ അപേക്ഷകനെ അറിയിക്കാനും കഴിയുന്നുണ്ട്. കൂടാതെ പഞ്ചായത്തിലെ മുഴുവൻ ക്ലാർക്കുമാരും ഓരോ ദിവസം ഫ്രണ്ട് ഓഫീസിൽ ഇരിക്കുന്നതിനാൽ ജീവനക്കാർക്ക് പഞ്ചായത്ത് സേവനങ്ങളെ പറ്റി വ്യക്തമായൊരു കാഴ്ചപ്പാട് ലഭിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ വരുന്ന അപേക്ഷകർക്ക് ഓരോ അപേക്ഷയോടൊപ്പം എന്തൊക്കെ രേഖകൾ ഹാജരാക്കണം എന്നുള്ള ചെക്ക്ലിസ്റ്റ് നൽകുന്നുണ്ട്. ജനങ്ങൾക്കായി ഹെൽപ്ഡെസ്ക്, ഇരിപ്പിടം, ടെലിവിഷൻ, കുടിവെള്ളം, സാനിറ്റൈസർ തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും നൽകി വരുന്ന സേവനങ്ങളുടെ അപാകതകൾ വിലയിരുത്തുന്നതിനായി വിലയിരുത്തൽ ഫോറവും ഫ്രണ്ട്ഓഫീസ് വഴി ജനങ്ങൾക്ക് നൽകിവരുന്നുണ്ട്. ആയതിലൂടെ പഞ്ചായത്തിന്റെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുന്നു.എന്നാൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിൽ ഫ്രണ്ട്ഓഫീസിനെ അസിസ്റ്റ് ചെയ്യാനുള്ള ജീവനക്കാരുടെ കുറവ് പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം വഴി ഓഫീസ് പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടതാകുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് കൂടുതൽ വേഗത്തിൽ സുതാര്യമായി സേവനം ലഭ്യമാക്കാനും കഴിയുന്നുണ്ട്.

## ഘടകസ്ഥാപനങ്ങൾ

പഞ്ചായത്തിൽ ഇന്ന് പ്രവർത്തിക്കുന്ന പ്രധാന ഘടക സ്ഥാപനങ്ങളാണ് കൃഷി ഓഫീസ്, വി.ഇ.ഒ ഓഫീസ്, എൽ ഐഡി & ഇ ഡബ്ല്യു ഓഫീസ് എഫ്.എച്ച്.സി, ആയുർവേദ ഡിസ്പൻസറി, ഹോമിയോ ഡിസ്പൻസറി, വെറ്റിനറി ഡിസ്പൻസറി, ഐ.സി.ഡി.എസ് ഓഫീസ്, ഗവ.എൽ.പി സ്കൂൾ കൂരാറ, ഗവ.യു പി സ്കൂൾ മൊകേരി ഈസ്റ്റ്.

മേൽ സ്ഥാപനങ്ങളുടെ സ്ഥിതി ജനകീയാസൂത്രണം വരുന്നതിന് മുൻപ് ശോചനീയ അവസ്ഥയിലായിരുന്നു. ഇന്ന് ഈ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണിക്കും നവീകരണത്തിനും പഞ്ചായത്തിന് തനതായി (മെയിന്റനൻസ് ഫണ്ട് നോൺ) എന്ന ശീർഷകത്തിൽ ഫണ്ട് നൽകിവരുന്നുണ്ട്. പ്രസ്തുത ഫണ്ടും വികസന ഫണ്ടും തനതുഫണ്ടു ഉപയോഗിച്ച് ഇതരസ്ഥാപനങ്ങൾ അറ്റകുറ്റപണി ചെയത് നവീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാന പ്രവർത്തനത്തിന് കമ്പ്യൂട്ടർ, സർവീസ് സ്റ്റേഷണറി, കറണ്ട്, വാട്ടർ ചാർജ്ജ്, ടെലിഫോൺ ചാർജ്ജ് എന്നിവ പഞ്ചായത്തിൽ നിന്നാണ് വഹിക്കുന്നത്. ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഇന്ന് വളരെ അധികം മെച്ചപ്പെട്ടിട്ടുണ്ട്. മുൻപ് ആയുർവേദ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടം ഉണ്ടായിരുന്നില്ല. എന്നാൽ

നിലവിൽ പഞ്ചായത്തിലെ എല്ലാ ഘടകസ്ഥാപനങ്ങൾക്കും സ്വന്തമായി കെട്ടിടവും മികച്ച അടിസ്ഥാനസൗകര്യങ്ങളും ഉണ്ട്.

പഞ്ചായത്തിന് ലഭ്യമാകുന്ന പ്രധാന ഫണ്ടുകൾ താഴെ പറയുന്ന പ്രകാരമാണ്

1. പ്ലാൻ ഫണ്ട്
2. ജനറൽ പർപ്പസ് ഗ്രാന്റ്
3. മെയിന്റനൻസ് ഗ്രാന്റ് റോഡ് / റോഡിതരം
4. ധനകാര്യകമ്മീഷൻ ഗ്രാന്റ്
5. തൊഴിലുറപ്പ് പദ്ധതി ഗ്രാന്റ്
6. പഞ്ചായത്ത് പിരിച്ചെടുക്കുന്ന തനതുഫണ്ടുകൾ
7. പി.ബി.ഐ.ജി ഫണ്ട്
8. വാർഡ് സാനിറ്റേഷൻ ഫണ്ട്
9. വിവിധക്ഷേമ പെൻഷൻ
10. അംഗൻവാടി പോഷകാഹാരം ഫണ്ട്.

കൂടാതെ പഞ്ചായത്തിന്റെ വികസനത്തിനായി എം പി ഫണ്ട്, എം.എൽ.എ ഫണ്ട് എന്നിവയും സർക്കാർ അതാതു സമയങ്ങളിൽ ലഭ്യമാക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും നിർബന്ധമായും ഉൾപ്പെടുത്തേണ്ട വിഹിതങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് തനതായ പ്രവർത്തനങ്ങളെ ഏറെ ബാധിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിന്റെ തനത് വരുമാനം പ്രധാനമായും ആശ്രയിച്ചിരുന്നത് കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് വസ്തുകൈമാറ്റ നികുതി എന്നിവയായിരുന്നു. മുമ്പ് കെട്ടിട നികുതി ചുമത്തിയിരുന്നത് തറ വിസ്തീർണ്ണത്തിന്റെയും ആഡംബരത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു.

<u>വരവുകൾ</u>

| ക്രമ നം | ഇനം | 2025-26 |
|---|---|---|
| 1 | കെട്ടിട നികുതി | 2448060 |
| 2 | തൊഴിൽനികുതി | 1089920 |
| 3 | ലൈസൻസ് ഫീസ് | 138500 |
| 4 | സ്റ്റാമ്പ് ഡ്യൂട്ടി സർചാർജ് | |
| 5 | ഗ്രാന്റുകൾ | 20283323 |
| 6 | അൺടൈഡ് ഫണ്ട് | 2469600 |
| 7 | മറ്റ് വരവുകൾ | 1492829 |

ചെലവുകൾ

| ക്രമ നം | ഇനം | 2025–26 |
|---|---|---|
| 1 | ഭരണ ചെലവ് | 621750 |
| 2 | ശമ്പളം | 7118652 |
| 3 | വിദ്യാഭ്യാസം | 1367571 |
| 4 | പൊതുജനാരോഗ്യം | 923149 |
| 5 | പൊതുമരാമത്ത് | 300000 |
| 6 | സ്ട്രീറ്റ് ലൈറ്റ് | 113850 |
| 7 | മറ്റ് ചെലവുകൾ | 5366506 |

പഞ്ചായത്തിന്റെ ധനസ്ഥിതി മേൽ സൂചിപ്പിക്കും പ്രകാരമാണ്.

കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസിലും നഅനുബന്ധ സ്ഥാപനങ്ങളിലും സേവനം നൽകുന്നതിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

| സ്ഥാപനം | നെറ്റ് കണക്റ്റിവിറ്റി | | കമ്പ്യൂട്ടർ | |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ആവശ്യമായത് | നിലവിലുള്ളത് |
| പഞ്ചായത്ത് ഓഫീസ് | ✔ | | 15 | 15 |
| കൃഷി ഓഫീസ് | ✔ | | 3 | 3 |
| പി എച്ച് സി | ✔ | | 5 | 5 |
| ഹോമിയോ ഡിസ്പൻസറി | ✔ | | 3 | 2 |
| വെറ്റിനറി | ✔ | | 2 | 2 |
| ഐ സി ഡി എസ് | | ✔ | 1 | 1 |
| വി ഇ ഒ | | ✔ | 2 | 1 |
| ആയുഷ് | | ✔ | 1 | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ✔ | | 3 | 3 |
| ഗവ.എൽ പി സ്കൂൾ | ✔ | | 3 | 3 |

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രൊജക്ട്ടുകളുടെ വിശദാംശങ്ങൾ | | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : പൊതു ഭരണവും ധനകാര്യവും | | | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | | |
| 1 | 2 | ഐ കെ എം വിഹിതം കൈമാറൽ | New | ജനറൽ | 46390 | | 46390 | | | |
| 2 | 42 | ടെക്നിക്കൽ അസിസ്റ്റൻറ് വേതനം | New | ജനറൽ | 371940 | | 339838 | | | |
| 3 | 43 | പ്രോജക്ട് അസിസ്റ്റൻറ് വേതനം | New | ജനറല് | 267480 | | 266737 | | | |
| 4 | 46 | വെറ്ററിനറി ഡിസ്പെൻസറി കണ്ടിജൻസി ചെലവുകൾ | New | ജനറൽ | 35000 | | 34995 | | | |
| 5 | 60 | കൃഷിഭവൻ കണ്ടിജൻസി ചാർജ് | New | ജനറൽ | 30000 | | 30000 | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 6 | 61 | കുടുംബാരോഗ്യ കേന്ദ്രം കണ്ടിജെൻസി ചെലവുകൾ | New | ജനറൽ | 210000 | | 210000 | | | |
| 7 | 65 | അങ്കണവാടികളുടെ കണ്ടിജെൻസി ചെലവുകൾ | New | ജനറൽ | 43403 | | 43344 | | | |
| 8 | 79 | പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ എ എം സി | New | ജനറൽ | 55460 | | 55460 | | | |
| 9 | 82 | സ്മാർട്ട് കോളർ | New | ജനറൽ | 50000 | | 0 | | | |
| 10 | 94 | സർക്കാർ സ്കൂളുകളിലേക്ക് പ്രിൻറർ വാങ്ങൽ | New | ജനറൽ | 50000 | | 39706 | | | |
| 11 | 96 | ഗവ എൽ പി കുരാറ സ്കൂളിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ | New | ജനറൽ | 80000 | | 0 | | | |
| 12 | 97 | കുരാറ ഗവഎൽപി സ്കൂൾ കണ്ടിജൻസി ചെലവുകൾ | New | ജനറൽ | 30000 | | 0 | | | |
| 13 | 100 | പഞ്ചായത്ത് ഓഫീസ് യു പി എസ് എ എം സി | New | ജനറൽ | 25000 | | 22125 | | | |
| 14 | 101 | പഞ്ചായത്ത് ഓഫീസ് ഫ്രണ്ട് ഓഫീസിൽ അനുബന്ധ സൌകര്യങ്ങൾ ഒരുക്കൽ | New | ജനറൽ | 40000 | | 22899 | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 15 | 102 | ഡിജി കണ്ണൂർ – സമ്പൂർണ്ണ ഡിജിറ്റല് സാക്ഷരതാ ജില്ല | New | ജനറൽ | 200000 | | 0 | | | |
| 16 | 111 | ഹോമിയോ ആശുപത്രി- കണ്ടിജൻസി ചിലവുകൾ | New | ജനറൽ | 15000 | | 8601 | | | |
| 17 | 113 | കൃഷി ഓഫീസിന് കംപ്യൂട്ടർ വാങ്ങല് | New | ജനറൽ | 50000 | | 49700 | | | |
| 18 | 155 | സ്മാർട്ട് കോളർ | SO | ജനറൽ | 23395 | | 23305 | | | |
| 19 | 177 | ഐ എസ് ഒ സർട്ടിഫിക്കേഷന് പുതുക്കൽ | New | ജനറൽ | 12500 | | 12500 | | | |
| 20 | 178 | കണ്ണൂർ വിവര സഞ്ചയിക | New | ജനറൽ | 380736 | | 340736 | | | |
| 21 | 202 | പഞ്ചായത്ത് ഓഫീസിലേക്ക് ഇൻവെർട്ടര് വാങ്ങൽ | New | ജനറൽ | 80000 | | 77000 | | | |
| 22 | 203 | പഞ്ചായത്ത് ഓഫീസിലേക്ക് ബാറ്ററി വാങ്ങൽ | New | ജനറൽ | 198800 | | 0 | | | |
| 23 | 209 | ഐ സി ഡി എസ് സൂപ്പർവൈസറുടെ ഓഫീസിൽ കമ്പ്യൂട്ടര് വാങ്ങൽ | New | ജനറൽ | 45000 | | 41998 | | | |
| 24 | 212 | പഞ്ചായത്ത് പ്രവർത്തനങ്ങളുടെ ഡോക്യുമെൻറേഷന് | New | ജനറൽ | 100000 | | 0 | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 25 | 218 | കൃഷിഭവനിൽ യു പി എസ് വാങ്ങൽ | New | ജനറൽ | 3000 | | 2950 | | | |
| 26 | 1 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിങ്ങ് | New | ജനറൽ | 120000 | | 86393 | | | |
| 27 | 112 | വി ഇ ഒ ഓഫീസിലേക്ക് ആവശ്യമായ കണ്ടിജൻസി ചെലവുകൾ | New | ജനറൽ | 10000 | | 3958 | | | |
| 28 | 51 | ഹാപ്പിനെസ് പാർക്ക് | New | ജനറൽ | 100000 | | 0 | | | |
| 29 | 210 | ഹോമിയോ ആശുപത്രി ഇലക്ട്രിഫിക്കേഷൻ | New | ജനറൽ | 247606 | | 0 | | | |
| 30 | 51 | ഹാപ്പിനെസ് പാർക്ക് | New | ജനറൽ | 100000 | | 0 | | | |
| 31 | 104 | ജിംനേഷ്യം നിർമ്മാണത്തിന് സ്ഥലം വാങ്ങൽ | New | ജനറൽ | 300000 | | 0 | | | |

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| തൻ വർഷം (2025-26) ഏറ്റെടുത്ത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് :പൊതു ഭരണവും ധനകാര്യവും | | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രൊജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 2 | ഐ കെ എം വിഹിതം കൈമാറൽ | New | ജനറൽ | 64700 | | 64605 | | |
| 2 | 16 | കൃഷിഭവന് കണ്ടിജൻസി ചാർജ് | New | ജനറൽ | 30000 | | 27807 | | |
| 3 | 18 | ടെക്നിക്കൽ അസിസ്റ്റൻറ് വേതനം | New | ജനറല് | 372000 | | 292950 | | |
| 4 | 19 | പ്രോജക്ട് അസിസ്റ്റൻറ് വേതനം | New | ജനറൽ | 267500 | | 198985 | | |
| 5 | 23 | പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ എ എം സി | New | ജനറൽ | 60000 | | 0 | | |
| 6 | 25 | സ്മാർട്ട് കോളർ | New | ജനറൽ | 50000 | | 0 | | |
| 7 | 38 | വെറ്ററിനറി ഡിസ്പെൻസറി | New | ജനറൽ | 72000 | | 46962 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | കണ്ടിജൻസി ചിലവുകൾ | | | | | | | |
| 8 | 40 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ലാപ്ടോപ് വാങ്ങൽ | New | ജനറൽ | 50000 | | 49876 | | |
| 9 | 47 | ഹോമിയോ ആശുപത്രി കണ്ടിജൻസി ചെലവുകൾ | New | ജനറൽ | 15000 | | 8976 | | |
| 10 | 54 | ഡിജി കണ്ണൂർ – സമ്പൂർണ്ണ ഡിജിറ്റല് സാക്ഷരത | New | ജനറൽ | 50000 | | 0 | | |
| 11 | 61 | ഐ എസ് ഒ സർട്ടിഫിക്കേഷന് പുതുക്കൽ | New | ജനറൽ | 40000 | | 0 | | |
| 12 | 62 | അങ്കണവാടികളുടെ കണ്ടിജെൻസി ചിലവുകൾ | New | ജനറൽ | 35000 | | 33152 | | |
| 13 | 78 | കുരാറ ഗവ എൽ പി സ്കൂൾ കണ്ടിജൻസി ചെലവുകൾ | New | ജനറൽ | 80000 | | 35343 | | |
| 14 | 112 | കുടുംബാരോഗ്യ കേന്ദ്രം കണ്ടിജെൻസി ചെലവുകൾ | New | ജനറൽ | 205000 | | 188981 | | |
| 15 | 160 | ജൈവ വൈവിധ്യ രജിസ്റ്റർ പുതുക്കല് | SO | ജനറൽ | 64513 | | 25680 | | |
| 16 | 165 | പഞ്ചായത്ത് ഓഫീസിലേക്ക് ഇൻവെർട്ടര് വാങ്ങല് | SO | ജനറൽ | 1000 | | 0 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 17 | 166 | പഞ്ചായത്ത് പ്രവർത്തനങ്ങളുടെ ഡോക്യുമെൻറേഷന് | New | ജനറൽ | 100000 | | 43696 | | |
| 18 | 171 | ഹോമിയോ ഡിസ്പെൻസറിയില് പ്രിൻറര് വാങ്ങല് | New | ജനറൽ | 25000 | | 22270 | | |
| 19 | 172 | പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടര് മോണിറ്റർ വാങ്ങല് | New | ജനറൽ | 15000 | | 14900 | | |
| 20 | 198 | അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് കംപ്യൂട്ടര് വാങ്ങല് | New | ജനറൽ | 100000 | | 49960 | | |

# വെല്ലുവിളികൾ വികസന വിടവുകൾ പ്രശ്ന വിശകലനം പരിഹാര സാധ്യത

ജീവനക്കാരുടെ അപര്യാപ്തത പഞ്ചായത്ത് പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. നിലവിൽ ക്ലറിക്കൽ തസ്തികയിൽ 2 സീനിയർ ക്ലാർക്കുമാരും 4 ക്ലാർക്കുമാരുമാണ് ഉള്ളത്. വാർഡ് വിഭജനത്തിന് ശേഷം പഞ്ചായത്തിൽ 15 വാർഡുകൾ നിലവിൽ വന്നു. സീനിയർ ക്ലാർക്കുമാരുടെ എണ്ണക്കുറവ് പഞ്ചായത്ത് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. കൂടാതെ എച്ച് ഐ തസ്തികയും മൊകേരി പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത്കൊണ്ട് തന്നെ മുഴുവൻ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ക്ലാർക്കുമാരാണ് ചെയ്യേണ്ടി വരുന്നത്. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നികുതി പിരിവിനെ ഇത് സാരമായി ബാധിക്കുന്നുണ്ട്. ഒരു സീനിയർ ക്ലാർക്കിനെയും ഒരു എച്ച് ഐ പോസ്റ്റും പുതുതായി ലഭ്യമാവുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതി
പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് :മൊകേരി

വർക്കിംഗ് ഗ്രൂപ്പിൻറെ പേര് : പൊതു ഭരണവും ധനകാര്യവും

| ക്രമ നമ്പർ | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിൻറെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാന് കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം?* | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘു തരം | ഗുരു തരം | അതീവഗുരുതരം | | തദ്ദേശഭരണസ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ | സർക്കാര് തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | നിലാവ് | ബൾബുകൾ കത്തുന്നില്ല | പഞ്ചായത്ത് | | ✓ | | സ്ട്രീറ്റ് ലൈറ്റ് പരിപാലനം സാധ്യമാക്കുന്നില്ല | KSEB നിരന്തര പരിശോധന നടത്തണം നിലാവിൽ ആവശ്യപ്പെട്ട 50 ബൾബുകള് ഇനിയും സ്ഥാപിച്ചതായി കാണുന്നില്ല . | | നിലാവ് പദ്ധതിയുടെ എഎംസി വയ്ക്കുന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം ആവശ്യമാണ് | |

# വികസന പരിപ്രേക്ഷ്യം, ഹ്രസ്വകാല ,ദീർഘകാല പരിപ്രേക്ഷ്യം

ജനകീയാസൂത്രണത്തിന്റെ 25 ാം വർഷത്തിൽ പരിശോധിക്കുമ്പോൾ പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും പ്രത്യേക പ്രാധാന്യം നൽകി വികസനം സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഓഫീസുകളുടെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർ വൽകൃതമാവുകയും അതിനനുസരിച്ചുള്ള സാധ്യതകൾ പരിശോധിച്ച് ഒരുക്കുന്നതിനും സാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും സേവന ലഭ്യത ജനങ്ങൾക്ക് വളരെ വേഗത്തിൽ ലഭിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ ഉപയോഗവും കെസ്മാർട്ട് സോഫ്റ്റ് വെയറിന്റെ വിന്യാസവും വളരെയേറെ അനുഗ്രഹീതമായിട്ടുണ്ട്. ആയതിന് ഫലപ്രദമായ രീതിയിൽ സംവിധാനങ്ങൾ ഒരുക്കുന്നതിന് പ്രൊജക്റ്റുകൾ തയ്യാറാക്കേണ്ടതുണ്ട്. യു പി എസ് വാങ്ങൽ, ജനറേറ്റർ വാങ്ങൽ തുടങ്ങിയ പദ്ധതികളിലൂടെ മികച്ച രീതിയിൽ വൈദ്യുതി ലഭ്യമാക്കേണ്ടതുണ്ട്. വൈദ്യുതി ലാഭിക്കുന്നതിനും പാരിസ്ഥിതിക അവബോധം ഉണ്ടാക്കുന്നതിനും വേണ്ടി ഓഫീസിൽ സൗരോർജ്ജ സംവിധാനങ്ങൾഏറ്റെടുക്കാവുന്നതാണ്.

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2026-27 വാർഷിക പദ്ധതി | | | | | | | | | | | |
| വികസന പരിപ്രേക്ഷ്യം /ലക്ഷ്യങ്ങൾ | | | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : പൊതു ഭരണവും ധനകാര്യവും | | | | |
| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേഷ്യം ( വികസന കാഴ്ചപ്പാട്) | സൂചിക | 2022 ലെ അവസ്ഥ | 2027 ലെ ലക്ഷ്യം(പതിനാലാം പഞ്ചവൽസരപദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്) | 2022 -23 ൽ കൈവരിച്ച നേട്ടം | 2023-24 ൽ കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 ൽ പ്രതീക്ഷിക്കുന്ന നേട്ടം | 2026-27 ലെ ലക്ഷ്യം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
| 1 | പൊതു ഭരണം | മികച്ച ഭരണം | മികച്ച ഭരണത്തില്യൂടെ സാമ്പത്തിക പുരോഗതി കൈവരിക്കുക | | മികച്ച ഭരണത്തില്യൂടെ സാമ്പത്തിക ഭദ്രത കൈവരിക്കുക | | | | | മികച്ച ഭരണത്തില്യൂടെ സാമ്പത്തിക ഭദ്രത കൈവരിക്കുക | ചെലവ്കുറഞ്ഞ ബദൽ മാർഗ്ഗങ്ങൾ അവലംബിക്കുക |

# സംയോജന സാദ്ധ്യതകൾ

മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചുകൊണ്ട് പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും പുതിയ പദ്ധതിക്കാലത്തേക്ക് പദ്ധതികൾ തയ്യാറാക്കുകയും ചെയ്ത് വരുന്നുണ്ട്. പദ്ധതി ഫണ്ടുകൾക്ക് പുറമെ മറ്റ് ഫണ്ടുകളും ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്, നിലവിൽ പഞ്ചായത്തിന്റെ തനത് വരുമാന ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ പരിശോധിച്ച് ഫലപ്രദമായ രീതിയിൽ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്.

# കൃഷിയും അനുബന്ധ മേഖലകളും

# ആമുഖം

മൊകേരി, കൂരാറ, വള്ള്യായി എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നതാണ് മൊകേരി പഞ്ചായത്ത്. അവയ്ക്കിടയിൽ നിരപ്പായ പ്രദേശങ്ങളും തോടുകളും വയലുകളും ചേർന്നതാണ്. പഞ്ചായത്തിന്റെ വടക്ക് കിഴക്കേ അതിർത്തി മുതൽ പടിഞ്ഞാറെ അതിർത്തിയിലൂടെ ഏകദേശം പത്ത് കിലോമീറ്റർ നീളത്തിൽ പാത്തിപ്പാലം പുഴ ഒഴുകുന്നു. കിഴക്ക് കുന്നോത്ത്പറമ്പ് പഞ്ചായത്തും പടിഞ്ഞാറ് കതിരൂർ പഞ്ചായത്തും തെക്ക് പടിഞ്ഞാറ് ഭാഗങ്ങളായി പാനൂർ മുനിസിപ്പാലിറ്റിയും പന്ന്യന്നൂർ പഞ്ചായത്തും വടക്ക് പാട്യം പഞ്ചായത്തും സ്ഥിതിചെയ്യുന്നു. മൊകേരി ഒരു കാർഷിക പ്രദേശമാണ്. പഞ്ചായത്തിൽ ആകെ 1042 ഹെക്ടർ ഭൂമിയാണുള്ളത്. അതിൽ കൃഷിയോഗ്യമല്ലാത്ത 22 ഹെക്ടർ ഭൂമിയുണ്ട്. തരിശുഭൂമി 3 ഹെക്ടറും കൃഷിക്ക് അനുയോജ്യമായത് 101 ഹെക്ടർ ഭൂമിയാണുള്ളത്.

**ഭൂപ്രകൃതി വിഭാഗങ്ങൾ**

ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ മൊകേരി പഞ്ചായത്തിനെ 5 ആയിതരംതിരിക്കാം.

1. ഉയർന്ന പ്രദേശം
2.ചെരിവ് പ്രദേശം
3.സമതല പ്രദേശം
4.താഴ്ന്ന പ്രദേശം
5. വയൽ

**ഉയർന്ന കുന്നിൻ പ്രദേശങ്ങൾ**

പഞ്ചായത്തിന്റെ വടക്ക് കിഴക്കേ അതിർത്തിയിൽ ഈസ്റ്റ് വള്ള്യായി-വള്ള്യായി പ്രദേശങ്ങളുള്ള കുന്നിൻ പ്രദേശങ്ങളും, പടിഞ്ഞാറ് ഭാഗത്തുള്ള കൂറാറ കുന്നും ഏകദേശം 70 മീറ്റർ ഉയരമുള്ളവയാണ്. ചെങ്കൽ കട്ടകളും അത് പൊടിഞ്ഞ മണ്ണുമുള്ള ഈ പ്രദേശത്ത് കശുമാവ് പ്രധാന കൃഷിയാണ്. റബ്ബറും ഈ പ്രദേശത്ത് കൃഷിചെയ്തുവരുന്നുണ്ട്.

**ചരിവ് പ്രദേശങ്ങൾ**

മേൽപറഞ്ഞ കുന്നുകളുടെ ചെരിവുകൾ ഏകദേശം 250 ഏക്കർ വിസ്തൃതി ഉള്ളതാണ്. ഈ ഭാഗത്ത് ഏറ്റവും കൂടുതൽ കശുമാവും, തെങ്ങും കവുങ്ങും കൃഷിചെയ്തുവരുന്നു.ജലലഭ്യത കുറവുള്ള പ്രദേശമാണിത്.

**സമതല പ്രദേശം**

വള്ള്യായി മുതൽ കൂരാറ വരെയുള്ള പ്രദേശം. മാക്കൂൽ പീടിക ,വള്ളങ്ങാട്, കൂരാറ, കടേപ്രം എന്നിവ സമതല പ്രദേശങ്ങളാണ്. സമുദ്രനിരപ്പിൽ നിന്ന് 10 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന പ്രദേശം ഫലപുഷ്ഠിയുള്ള ചെമ്മണ്ണ് നിറഞ്ഞതാണ്. ഇവിടെ തെങ്ങ്, കവുങ്ങ്, വാഴ, ചേമ്പ്, ചേന, മരച്ചീനി, എന്നിവ ഇവിടെ കൃഷി ചെയ്യുന്നുണ്ട്.

**താഴ്ന്ന പ്രദേശം**

മൊകേരിവയൽ, കൂരാറ വയൽ വള്ള്യായി വയൽ, പാത്തിപ്പാലം സ്രാമ്പി വയൽ എന്നീ വയലുകളോട് ചേർന്നു നിൽകുന്ന താഴ്ന്ന പ്രദേശങ്ങളാണ്. ഈറ്റ, തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി, പച്ചക്കറി എന്നീ കൃഷികളാൽ ഇവിടെ സമ്പുഷ്ടമാണ്.

**<u>1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും.</u>**

മാക്കൂൽ പീടികയിലെ ഒരു വാടക കെട്ടിടത്തിലായിരുന്നുകൃഷിഭവൻ പ്രവർത്തിച്ചിരുന്നത്. ഉച്ചവരെയുള്ള കാർഷിക ജോലിക്ക് പുരുഷൻമാർക്ക് 60 രൂപയും സ്ത്രീകൾക്ക് 30 രൂപയുമായിരുന്നു കൂലി. തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ദിവസം 120 രൂപയുമായിരുന്നു കൂലി. ആകെ ജനസംഖ്യയിൽ 384 കർഷകരും 995 കർഷക തൊഴിലാളികളും ഉണ്ട്. 5 എക്കറിൽ കൂടുതൽ കൃഷിസ്ഥലം35 പേർക്ക് ഉണ്ടായിരുന്നു. കൃഷിഭവൻ മുഖേന ആ കാലഘട്ടത്തിൽ 58 കിണറുകൾ സ്ഥാപിക്കുകയും 77 പമ്പ് സെറ്റുകൾ വിതരണം ചെയ്തതായും രേഖകളിൽ കാണുന്നു.

**വയൽ**

പഞ്ചായത്തിന്റെ തെക്ക് കിഴക്ക് അതിർത്തികളുള്ള മൊകേരി വയൽ പുഞ്ചപ്പാലം വയൽ, കടേപ്രം വയൽ, കൂരാറ വയൽ, വള്ള്യായി വയൽ, ഈസ്റ്റ് വള്ള്യായിലെ വയൽ എന്നിവ യാണ് പ്രധാനപ്പെട്ട വയലുകൾ. ആറ്റുപുറത്ത് കളിമണ്ണ് കലർന്ന പശിമയുള്ള മണ്ണും, മറ്റ് പ്രദേശത്ത് പൂഴി കലർന്ന മണ്ണുമാണ് ഉള്ളത്. നെല്ല് പ്രധാന കൃഷിയാണ്. ഇവിടെ നേരത്തെ 42 ഏക്കറോളം നെൽകൃഷിയുണ്ടായിരുന്ന ഈ പ്രദേശങ്ങൾ ഇപ്പോൾ 10 ഏക്കറിലാണ് കൃഷിചെയ്യുന്നത്. ഇത് കൂടാതെ 1 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷിയും ചെയ്തുവരുന്നുണ്ട്. മെരു, മുള്ളൻപന്നി, മുയൽ, ഉടുമ്പ്, കീരി, കല്ലുണ്ണി, കുറുനരി, അണ്ണാൻ കുറുക്കൻ, നീർനായ, എന്നീമൃഗങ്ങളും,കുയിൽ പരുന്ത്, അരിപ്രാവ്, പ്രാപിടിയൻ മുതലായ പക്ഷികളും ഇഴജന്തുക്കളും ജൈവ സമ്പത്തിൽ ഉൾപ്പെടുന്നു.

മുള്ളൻപന്നി, കാട്ടുപന്നി എന്നിവയുടെ രൂക്ഷമായ ശല്യം കാരണം കൃഷിക്കാർ കൃഷിചെയ്യാൻ താൽപര്യപ്പെടുന്നില്ല. മൊകേരി പഞ്ചായത്തിൽ ആകെ 4000ൽ പരം കർഷകർ വലിയ തോതിൽ കൃഷി ചെയ്തുവരുന്നുണ്ട്.

**കാലാവസ്ഥ**

ഉഷ്ണകാലം,വർഷകാലം, വർഷത്തിന്റെ പിൻഭാഗങ്ങൾ ശൈത്യകാലം എന്നിങ്ങനെ നാല് കാലങ്ങൾ അനുഭവപ്പെടുന്നു. മാർച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ ചൂടുകാലമാണ്. 20 ഡിഗ്രി മുതൽ 34 ഡിഗ്രി വരെ ഊഷ്മാവ് അനുഭവപ്പെടുന്നു. ഈർപ്പമുള്ള ഉഷ്ണ മേഖലാ കാലാവസ്ഥയാണ് നിലനിൽക്കുന്നത് ജൂൺ മുതൽ സപ്തംബർവരെ മൺസൂൺ മഴ ലഭിക്കുന്നു. ഇടമഴയും ലഭിക്കാറുണ്ട് . മഴ കൂടുതൽ കിട്ടുമെങ്കിലും 6 മാസത്തോളം വരണ്ട കാലവസ്ഥയാണ് നിലനിൽക്കുന്നു.

നവംബർ പകുതിക്ക് ശേഷം ആരംഭിക്കുന്ന ശൈത്യം ഫെബ്രുവരി വരെ നിലനിൽക്കുന്നു.

**ജലലഭ്യത**

കണ്ണവം റിസർച്ച് വനത്തിലൂടെ വരുന്ന പുഴ മരപ്പാലത്തിനടുത്ത് വച്ച് പഞ്ചായത്തിന്റെ വടക്ക് കിഴക്ക് അതിർത്തിയിലൂടെ മൊകേരിയിൽ പ്രവേശിക്കുന്നു. ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് 30തോളം കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. മണ്ണ് ഇവിടെ ഫലപുഷ്ടിയുള്ള ലാറ്ററേറ്റ് മണ്ണാണ് ജൈവസമ്പത്ത്. രാസവളം, കീടനാശിന് പ്രയോഗം ഇപ്പോൾ വളരെ കുറവാണ്. കർഷകർക്കിയടിൽ ഇതിനായി ബോധവൽക്കരണ പരിപാടികൾ നടന്നുവരുന്നുണ്ട്.

**രാസവള പ്രയോഗം**

രാസവളം പ്രചാരത്തിൽ വന്നതോടെ ഇവിടെയും രാസവള പ്രയോഗം വർദ്ധിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ രാസവള കീടനാശിനി പ്രയോഗം കുറവാണ്. ജൈവവളപ്രയോഗ രീതിയാണ് നിലവിൽ അവലംബിക്കുന്നത്.

കൃഷിഭവൻ

ഈ പഞ്ചായത്തിലെ കൃഷിഭവൻ പഞ്ചായത്ത് ബിൽഡിംഗിന്റെ തൊട്ടടുത്തായി സ്ഥിതിചെയ്യുന്നു. ഒരു അഗ്രികൾച്ചറൽ ഓഫീസറും രണ്ട് അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരും ഈ ഓഫീസിലുണ്ട്. കൃഷിഭവന്റെ കീഴിൽ 2 പാടശേഖരസമിതികൾ പ്രവർത്തിച്ചുവരുന്നു. കൂരാറ പാടശേഖരസമിതി, വള്ള്യായി പാടശേഖരസമതി എന്നിവയാണ്. പാടശേഖര സമിതികൾ,

| SL NO | NAME OF CROP | 1996 | | | 2021 | | |
|---|---|---|---|---|---|---|---|
| | | AREA HA | PRODUCTION | PRODUCTIVITY | AREA HA | PRODUCTION | PRODUCTIVITY |
| **1** | നെൽകൃഷി | 20.8 | 47360 | 4800 | 9 | 26500 | 5500 |
| **2** | കരനെൽകൃഷി | 2 | | | 5 | 7500 | 1500 |
| **3** | പച്ചക്കറി കൃഷി | 16 | 65600 | 4100 | 22 | 114400 | 5200 |
| **4** | തെങ്ങ് കൃഷി | 575 | 3519000 | 36 NUT/PALM | 584 | 4467600 | 45 NUT/PALM |
| **5** | വാഴകൃഷി | 18 | 40320 | 2240 | 21 | 420000 | 20000 |
| **6** | കുരുമുളക് കൃഷി | 52 | 10400 | 200 | 40 | 12000 | 300 |
| **7** | കവുങ്ങ് കൃഷി | 40 | | 100000 NUT | 40 | 104000 | 2600 |
| **8** | കശുമാവ് കൃഷി | 25 | 45000 | 1800 | 25 | 50000 | 2000 |
| **9** | കിഴങ്ങ് വർഗ്ഗ വിളകൾ | 36 | | | 10 | 120000 | 12000 |
| **10** | റബ്ബർ | 1 | 9000 | 9000 | 5 | 0 | |
| **11** | മാങ്ങകൃഷി | 10 | | | 3 | 0 | |
| **12** | പ്ലാവ് | 3 | 300000 | 10000KG | 3 | 300000 | 10000KG |

# 25 വർഷത്തെ വിലയിരുത്തൽ

പദ്ധതി വിഹിതത്തിന്റെ 40% തുക ഉൽപാദനമേഖലയിലാണ് ചെലവഴിക്കുന്നത്. കാർഷിക മേഖലയിൽ നെല്ല് കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, തെങ്ങിന് ജൈവവളം, കുടുംബ കൃഷി പ്രോത്സാഹനം, വാഴക്കന്ന് വിതരണം, വാഴയ്ക്ക് ജൈവവളം, തെങ്ങിന് ജൈവവളം, മഞ്ഞൾ, ചേന, ചേമ്പ് കൃഷി പ്രോത്സാഹനം, കുറ്റിക്കുരുമുളക് തൈ വിതരണം, ജലസേചനത്തിന് പമ്പ് സെറ്റ് വിതരണം, ഫലവൃക്ഷ തൈ വിതരണം, മൺചട്ടിയിൽ പച്ചക്കറികൃഷി, മരച്ചീനി കൃഷി, രോഗം വന്ന തെങ്ങ് മുറിച്ചുമാറ്റി പകരം തൈ വെച്ച് പിടിപ്പിക്കൽ. അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈ വിതരണം, ഗ്രൂപ്പുകൾക്ക് പച്ചക്കറി ടിഷ്യു കൾച്ചർ, വാഴ വിതരണം, ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് മഞ്ഞൾ വിത്ത് വിതരണം, കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറി വിത്ത് വിതരണം, നടീൻ വസ്തു വിതരണം, കരനെൽ കൃഷി വികസനം തുടങ്ങിയ ഒട്ടേറെ ഉൽപ്പന്ന വർദ്ധനവിന് സഹായകമാകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

1996 ൽ ആകെ ജനസംഖ്യയിൽ 384 കർഷകർക്കും 999 കർഷകത്തൊഴിലാളികളുമാണ് കാർഷികരംഗത്ത് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് 3400 കർഷകരും 1500 കർഷകത്തൊഴിലാളികളും ഈ രംഗത്ത് നിലനിൽക്കുന്നുണ്ട്. അന്ന് ഉച്ചവരെയുള്ള കൂലിപ്പണിക്ക് പുരുഷന് 60 രൂപയും സ്ത്രീക്ക് 35 രൂപയുമാണെങ്കിൽ ഇന്ന് ഉച്ചവരെയുള്ള ജോലിക്ക് യഥാക്രമം 600 രൂപയും 300 രൂപയും ഉണ്ട്. അന്ന് തെങ്ങ്കയറ്റതൊഴിലാളിക്ക് ഒരുദിവസം 120 രൂപയാണെങ്കിൽ ഇന്ന് ഒരു തെങ്ങിന് 50 രൂപയാണ് കൂലി. ഈ വിധത്തിൽ കാർഷിക മേഖലയിൽ നല്ലമാറ്റം ഉണ്ടായി.

## വിളവിസ്തൃതിയിലെ മാറ്റം

ഇന്ന് ഈ പഞ്ചായത്തിൽ 20 ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്. 22 ഏക്കർ സ്ഥലത്ത് വയലിൽ പച്ചക്കറികൃഷി ചെയ്യുന്നുണ്ട്. എല്ലാ കുടുംബങ്ങൾക്കും ആവശ്യം വേണ്ട് പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നു. ഇപ്പോൾ 3 ഏക്കർ സ്ഥലത്ത് കാപ്പിയും കൃഷിചെയ്യുന്നുണ്ട്. 83 ഏക്കർ സ്ഥലത്ത് മരച്ചീനിയും 40 ഏക്കർ സ്ഥലത്ത് വാഴയും കൃഷിചെയ്യുന്നു. 2765 ഏക്കർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്യുന്നു. 55,30,000 കി.ഗ്രാം തേങ്ങ ഒരു വർഷം ഉൽപാദിപ്പിക്കുന്നു. ഇവരെയെല്ലാം സഹായിക്കുന്നതിന് പാടശേഖര സമിതി, കുരുമുളക് വികസന സമിതി, കാർഷിക കർമസേനയും നിലവിലുണ്ട്. കാർഷിക പ്രവർത്തനത്തിന് ആക്കം കൂട്ടാൻ 3 ട്രാക്ടറും ഒരു മിനി ട്രില്ലറും നിലവിലുണ്ട്. ജലസേചനത്തിന് വേണ്ടി വള്ള്യായി,

കൂരാറ, മൊകേരി എന്നീ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നിലവിലുണ്ട്. ഈ പ്രദേശങ്ങളിലെ 30 ഏക്കർ സ്ഥലത്ത് വെള്ളം ലഭിക്കുന്നതിനാൽ 30 ഏക്കറിൽ വർഷം മുഴുവൻ കൃഷിനടക്കുന്നുണ്ട്. മാർക്കറ്റിംഗ് രംഗത്ത് മൊകേരിയിൽ ഒരു ആഴ്ചച്ചന്ത നിലവിലുണ്ട്. കപ്പ, കുമ്പളങ്ങ രംഗത്ത് മാർക്കറ്റിംഗിന് പ്രശ്നം നേരിട്ടപ്പോൾ ഹോർട്ടിക്കോർപ്പ്, കൃഷിഭവൻ, ജനകീയ സമിതി വഴിവിപണി കണ്ടെത്തിയിട്ടുണ്ട്. മാക്കൂൽ പീടികയിൽ വാടക കെട്ടിടത്തിൽ പ്രവൃത്തിച്ച കൃഷിഭവന് ഇപ്പോൾ സ്വന്തമായി കെട്ടിടമുണ്ട്. ഇതിന് പുറമെ സസ്യരോഗക്ളിനിക്കുമുണ്ട്.

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രൊജക്ക്ടുകളുടെ വിശദാംശങ്ങൾ | | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് :കൃഷിയും അനുബന്ധ മേഖലകളും | | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | | |
| 1 | 9 | നെൽകൃഷി വികസനം | New | ജനറൽ | 304000 | | 80140 | | | |
| 2 | 10 | വാഴകൃഷി വികസനം | New | ജനറൽ | 240000 | | 165944 | | | |
| 3 | 11 | പച്ചക്കറി കൃഷി വികസനം | New | ജനറൽ | 200000 | | 183760 | | | |
| 4 | 12 | മരച്ചിനി കൃഷി വികസനം | New | ജനറൽ | 60000 | | 40110 | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 5 | 15 | ഔഷധസസ്യ ങ്ങള് വിതരണം | New | ജനറൽ | 10000 | | 10000 | | | | |
| 6 | 17 | ചെറുധാന്യങ്ങളു ടെ കൃഷിവികസനം | New | ജനറൽ | 35000 | | 0 | | | | |
| 7 | 19 | കുട്ടികൾ കൃഷിയിലേക്ക് | New | ജനറൽ | 100000 | | 0 | | | | |
| 8 | 21 | ഇല വാഴ കൃഷി | New | ജനറൽ | 50000 | | 50000 | | | | |
| 9 | 22 | എല്ലാവീട്ടിലും പച്ചക്കറി കൃഷി | New | ജനറൽ | 275000 | | 274950 | | | | |
| 10 | 28 | വാഴ കന്ന് വിതരണം | New | ജനറൽ | 187500 | | 187500 | | | | |
| 11 | 80 | ഇടവിളകൃഷി കിറ്റ് വിതരണം | New | ജനറൽ | 228000 | | 228000 | | | | |
| 12 | 83 | കുറ്റികുരുമുളക് തൈ വിതരണം | New | ജനറൽ | 100000 | | 100000 | | | | |
| 13 | 95 | മൺചട്ടിയില് പച്ചക്കറി കൃഷി | New | ജനറൽ | 400000 | | 400000 | | | | |
| 14 | 134 | മരച്ചീനി കൃഷിക്ക് ജൈവവളം രാസവളം | SO | ജനറൽ | 15910 | | 15700 | | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 15 | 135 | ഇടവിളകൃഷി കിറ്റ് വിതരണം | S0 | ജനറൽ | 250000 | | 250000 | | | |
| 16 | 124 | കുരാറ വടക്കേ വയൽ കുളം പുനരുദ്ധാരണ പ്രവൃത്തികള് | New | ജനറൽ | 300000 | | 0 | | | |

പതിനാലാം പഞ്ചവൽസര പദ്ധതി

തൻ വർഷം (2025-26) ഏറ്റെടുത്ത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : കൃഷിയും അനുബന്ധ മേഖലകളും

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രൊജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 4 | പച്ചക്കറി കൃഷി വികസനം | New | ജനറൽ | 170000 | | 0 | | |
| 2 | 5 | തെങ്ങിന് ജൈവവളവും കുമ്മായവും | New | ജനറൽ | 667000 | | 495427 | | |
| 3 | 6 | കുറ്റികുരുമുളക് തൈ വിതരണം | New | ജനറൽ | 68000 | | 51000 | | |
| 4 | 7 | എല്ലാവീട്ടിലും പച്ചക്കറി കൃഷി | New | ജനറൽ | 275000 | | 275000 | | |
| 5 | 8 | ഇടവിളകൃഷി കിറ്റ് വിതരണം | New | ജനറൽ | 275000 | | 0 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 6 | 9 | നെൽകൃഷി വികസനം | New | ജനറൽ | 51620 | | 28330 | | |
| 7 | 10 | വാഴ കന്ന് വിതരണം | New | ജനറൽ | 282750 | | 187500 | | |
| 8 | 11 | മൺ ചട്ടിയിൽ പച്ചക്കറി കൃഷി | New | ജനറൽ | 491400 | | 368550 | | |
| 9 | 12 | ഔഷധ സസ്യങ്ങൾ വിതരണം ജൈവ വൈവിധ്യ വല്ക്കരണം | New | ജനറൽ | 3000 | | 0 | | |
| 10 | 13 | കമുകിൻ തൈ വിതരണം | New | ജനറൽ | 129000 | | 96750 | | |
| 11 | 14 | വാഴകൃഷിക്ക് രാസവളം ജൈവവളം വിതരണം | New | ജനറൽ | 330000 | | 0 | | |
| 12 | 15 | ഫലവൃഷകിറ്റ് വിതരണം | New | ജനറൽ | 80000 | | 0 | | |
| 13 | 21 | കാർഷിക മൂല്യവർദ്ധിത ഉല്പ്പന്ന നിർമ്മാണ വിതരണ കേന്ദ്രം | New | ജനറൽ | 500000 | | 0 | | |
| 14 | 22 | കുരുമുളക് കൃഷി വികസനം | New | ജനറൽ | 80000 | | 0 | | |
| 15 | 208 | പച്ചക്കറി കൃഷി മൺചട്ടിയിൽ | New | ജനറൽ | 480000 | | 0 | | |

# വെല്ലുവിളികൾ വികസന വിടവുകൾ പ്രശ്ന വിശകലനം പരിഹാര സാധ്യത

## കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1.കാർഷിക ഉൽപന്നങ്ങൾക്ക്  ന്യായമായ വില ലഭ്യമല്ല
2. കാർഷിക സംഭരണ കേന്ദ്രം പഞ്ചായത്തിലില്ല.
3.പഞ്ചായത്തിലെ പല പ്രദേശങ്ങളും മണ്ണൊലിപ്പ് അനുഭവപ്പെട്ടു. കൃഷിനാശം സഭവിക്കുന്നു.
4. തെങ്ങ് കൃഷിക്ക് ചെന്നീരൊലപ്പ്, കൂമ്പ് ചീയൽ, കൊമ്പൻ ചെല്ലിയുടെ ഉപദ്രവം എന്നിവ കൊണ്ട് നാശം ഉണ്ടാകുന്നു. കവുങ്ങിന് മഹാലിയും വാഴക്ക് കുറുനാമ്പു രോഗവും, തണ്ടുതുരപ്പൻ രോഗവുമുണ്ട്. കുരുമുളകിന് ദ്രുതവാട്ടവും നെല്ലിന് തണ്ട് തുരപ്പനും ചാ ഴിയും ഉണ്ട്. വാഴയ്ക്ക് നടച്ചുവലൻ രോഗം കൂടുതലായി ഉണ്ട്.
5. മണ്ണ് പരിശോധിച്ച് കൃഷി ചെയ്യുന്ന രീതി പല കർകരും അവലംബിക്കുന്നു.
6. കൂലി, വളം എന്നിവയിലുള്ള വില വർദ്ധനവ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.
7.കാർഷിക മേഖല  ഉപജീവനായി ജോലി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു.
8. കൃഷി പ്രായേണ നഷ്ടമായി കൊണ്ടിരിക്കുന്നു.

## വികസന തന്ത്രം നിർദ്ദേശങ്ങൾ

1. എല്ലാവീടുകളിലും അടുക്കളതോട്ടം

2. തരിശു സ്ഥലങ്ങളിൽ പച്ചക്കറി കൃഷി

3. എല്ലാ വീടുകളിലും പഴവർഗ്ഗ തൈകൾ വിതരണം ചെയ്യുക

4. 3 വർഷം കൊണ്ട് കായ്ക്കുന്ന കുറിയ ഇനങ്ങൾ  തെങ്ങിൻതൈ നൽകുക

5. സാധ്യതയുള്ള സ്ഥലത്ത് വർഷം മുഴുവനും പച്ചക്കറി കൃഷി ചെയ്യാനുള്ള സംവിധാനം ഒരുക്കുക.

6. മികച്ച ഇനം ഹൈബ്രിഡ് വിളകൾ നൽകുക

7. ശീതകാല പച്ചക്കറി തൈകൾ വിതരണം ചെയ്യുക

8. കൃഷികൾക്ക് പുതിയ സാങ്കേതിക വിദ്യയെ അടുത്തറിയാൻ കേരളത്തിനകത്തും പുറത്തും പഠനയാത്ര സംഘടിപ്പിക്കുക.

9. മൂല്യ വർദ്ധിത ഉത്പന്നങ്ങൾ – കാശുമാങ്ങ, വാഴ .മരച്ചിനി തേങ്ങ് എന്നിവയിൽനിന്ന് വിവിധ മൂല്യ വർദ്ധിത ഉൽപന്ന ങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനുള്ള പഠനസൗകര്യം.

# പതിനാലാം പഞ്ചവത്സരപദ്ധതി
## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല/ഉപമേഖല | പശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിൻറെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ വെല്ലുവിളികൾ/ | പ്രശ്നതതിനുള കാരണങ്ങൾവെല്ലുവിളികൾ / പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാന് കഴിയുന്ന /ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം?* | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘു തരം | ഗുരു തരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണസ്ഥാപനതലതതിൽ | സർക്കാര് തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | നെൽകൃഷി | തൊഴിലാളി ക്ഷാമം | മൊകേരി ഗ്രാമപഞ്ചായത്ത് | | ✓ | | തൊഴിലാളികളുടെ ലഭ്യതകുറവ് | തൊഴിലുറപ്പിൽ നെൽകൃഷി ഉൾപ്പെടുത്തണം | ധനസഹായം നൽകൽ | നെൽ കൃഷിചെലവ് പൂർണ്ണമായും സർക്കാർ വഹിക്കണം | |
| 2 | കരനെൽകൃഷി | കളശല്യം | മൊകേരി ഗ്രാമപഞ്ചായത്ത് | | ✓ | | തരിശിടുന്നതിൽ അധിവർഷം | തൊഴിലുറപ്പിൽ ഉൾപ്പെടുത്തണം | ധനസഹായം നൽകൽ | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3 | തെങ്ങ്കൃഷി | തൊഴിലാളി ക്ഷാമം | | | ✓ | | തെങ്ങ്കയറ്റതൊഴിലാളികളുടെ അഭാവം | യന്ത്രവൽകരണം പരിശീലനം | യന്ത്രവൽകരണം പരിശീലനം | | |
| 4 | വാഴകൃഷി | കാലാവസ്ഥാ വ്യതിയാനം കൃഷിനാശം | | ✓ | | | ഇൻഷൂറൻസ് ഉറപ്പാക്കൽ | വാഴകൃഷിക്ക് ധനസഹായം നൽകൽ | വാഴകൃഷിക്ക് ധനസഹായം നൽകൽ | ഗുണമേൻമയുള്ള ടിഷ്യുകൾച്ചർ പ്രോൽസാഹനം | |
| 5 | [illegible] | കാലാവസ്ഥാ വ്യതിയാനം താൽപര്യകുറവ് | | ✓ | | | പരിശീലനം ബോധവൽകരണം | ധനസഹായം നൽകൽ | ധനസഹായം നൽകൽ | ഹൈബ്രിഡ് പച്ചക്കറി പ്രോൽസാഹനം | |
| 6 | കുരുമുളക് | കാലാവസ്ഥാ വ്യതിയാനം രോഗകീടബാധ | | | ✓ | | പരിശീലനം രോഗനിയന്ത്രണം | നടീൽ വസ്തുകൾ, ധനസഹായം നൽകൽ | ധനസഹായം നൽകൽ | | |
| 7 | ഇടവിളകൃഷി | താൽപര്യകുറവ് | | ✓ | | | പരിശീലനം ബോധവൽകരണം | നടീൽ വസ്തുകൾ, ധനസഹായം നൽകൽ | നടീൽ വസ്തുകൾ, ധനസഹായം നൽകൽ | അനുകൂല്യം വർദ്ധിപ്പിക്കുക | |
| 8 | ഫലവർഗ്ഗകൃഷി | താൽപര്യകുറവ് | | ✓ | | | പരിശീലനം ബോധവൽകരണം | നടീൽ വസ്തുകൾ, ധനസഹായം നൽകൽ | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 9 | കൃഷി | വന്യമൃഗശല്യം | മൊകേരി ഗ്രാമപഞ്ചായത്ത് | | ✓ | | മാലിന്യം | ഇൻഷൂറൻസ് ധനസഹായം നൽകൽ | ഇൻഷൂറൻസ് ധനസഹായം നൽകൽ | വന്യമൃഗ നിയന്ത്രണ നടപടികൾ സ്വീകരിക്കുക | |
| 10 | | കാർഷികഉൽപന്നങ്ങളുടെ വിലകുറവ് | | | ✓ | | തേങ്ങ, പച്ചക്കറി, മരച്ചീനി. വാഴതുടങ്ങിയവ | സംഭരണം വിതരണം | സംഭരണം വിതരണം | സംഭരണം വിതരണം മെച്ചപ്പെട്ട താങ്ങുവില | |
| 11 | | പ്രകൃതിക്ഷോഭം കാലാവസ്ഥാവ്യതിയാനം | | | ✓ | | പ്രകൃതിക്ഷോഭം കാലാവസ്ഥാവ്യതിയാനം | കർഷകർക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്തുക, മുൻകരുതൽ നടപടികൾ സ്വീകരിക്കുക | | മുന്നറിയിപ്പ് സംവിധാനം ശക്തിപ്പെടുത്തുക | |

# വികസന പരിപ്രേക്ഷ്യം, ഹ്രസ്വകാല ,ദീർഘകാല പരിപ്രേക്ഷ്യം

1. കൃഷിക്കാവശ്യമായ ജലം ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കിയെ ടുക്കുക.

2. നെൽകൃഷി വികസനം, പച്ചക്കറി വികസനം

3. മൂല്യവർദ്ധിത ഉത്പന്നങ്ങൾ

4. പഞ്ചായത്തിൽ ഉദ്പാദിപ്പിക്കുന്ന മുഴുവൻ ഉത്പന്നങ്ങളും സംഭരിച്ച് വിപണനം നടത്തുക. അതുപോലെ ആഴ്ച ചന്തകൾ തുടങ്ങുക.

5. സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുക.

6.കൃഷിക്കാരുടെ അടുത്തുള്ള ചാണകം പോലുള്ള ജൈവവളം സംഭരിച്ച് വലിയ ഒരു കമ്പോസ്റ്റ് യൂനിറ്റ് കുടുംബശ്രീ മുഖേന സ്ഥാപിക്കുക.

7. നല്ലയിനം നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനായി പഞ്ചായത്തിന്റെ കീഴിൽ വിദഗ്ദ പരിശീലനം കൊടുത്ത് കൃഷിക്കാരുടെ മേൽനോട്ടം വഹിച്ച് നഴ്സറി സ്ഥാപിക്കുക.

8. നെൽ കൃഷിക്ക് കൂലി ചെലവ് വളം എന്നിവ പൂർണ്ണമായും സർക്കാർ വഹിക്കണം. എല്ലാ വീട്ടിലും കര നെൽകൃഷി ചെയ്യാൻ ആവിശ്യമായ നടപടികൾ സ്വീകരിക്കണം.

9. തെങ്ങ് കൃഷിക്ക് ഉയരം കുറഞ്ഞ ഇനങ്ങൾ വ്യപനമാക്കുക രോഗം വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങുകൾ വയ്ക്കുക . മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായം വളം എന്നിവ നൽകുക

10 . വാഴ കൃഷി ഗുണ മേന്മയുള്ള നടിൽ വസ്തുക്കൾ നൽകുക

11. എല്ലാ വീട്ടിലും പച്ചകറി കൃഷി ചെയ്യാൻ ആവിശ്യമായ നടപടികൾ സ്വീകരിക്കണം.മണ്ണ് ചട്ടി/ ഗ്രോബാഗിൽ പച്ചകറി കൃഷി പ്രോൽ സാഹിപ്പിക്കുക

12. കുരുമുളക് കൃഷി പുനരുദ്ധാരണത്തിനായ് നല്ലയിനം . കുരുമുളക് നടിൽ വസ്തുക്കൾ നൽകുക.

13. എല്ലാ വീട്ടിലും മത്സ്യ കൃഷി ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ലൈഫ് ഫിഷ് മാർക്കറ്റ് ആരംഭിക്കുക

## ഫോറം എ

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2026-27 വാർഷിക പദ്ധതി | | | | | | | | | | | |
| വികസന പരിപ്രേക്ഷ്യം /ലക്ഷ്യങ്ങൾ | | | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : കൃഷിയും അനുബന്ധമേഖലകളും | | | | |
| ക്രമ നം | മേഖല/ ഉപ മേഖല | പരിപ്രേക്ഷ്യം( വികസന കാഴ്ചപ്പാട്) | സൂചിക | 2022 ലെ അവസ്ഥ | 2027 ലെ ലക്ഷ്യം(പതിനാലാം പഞ്ചവൽസരപദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്) | 2022 – 23 ല് കൈവരിച്ച നേട്ടം | 2023-24 ൽ കൈവരിച്ച നേട്ടം | 2024-25 കൈവരിച്ച നേട്ടം | 2025-26 ൽ പ്രതീക്ഷിക്കുന്ന നേട്ടം | 2026 -27 ലെ ലക്ഷ്യം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
| 1 | കൃഷി | 2030 ഓടെ കാർഷികമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കണം. പച്ചക്കറി, വാഴ, മരച്ചീനി, അടക്കമുള്ള കിഴങ്ങ് വർഗ്ഗം എന്നിവയും ഫലവർഗ്ഗകൃഷിയും പ്രോൽസാഹിപ്പിക്കണം. ഉൽപാദനവർദ്ധനവ് ഉണ്ടാക്കി സ്വയംപര്യാപ്തത കൈവരിക്കണം. കൂടാതെ വനിതകൾക്ക് കൂൺകൃഷി, | മൊകേരി ഗ്രാമപഞ്ചായത്തിൽ നിലവിൽ 8 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും 660 ഹെക്ടർ സ്ഥലത്ത് തെങ്ങുകളും 25 ഹെക്ടർ സ്ഥലത്ത് പച്ചക്കറിയും 14 ഹെക്ടർ സ്ഥലത്ത് നേന്ത്രവാഴകൃഷിയും കൂടാതെ വീടുകളിൽ നാടൻവാഴയുടെ വിവിധ ഇനങ്ങളും കൃഷി ചെയ്യുന്നുണ്ട് | | നെൽകൃഷിയിൽ ഉൽപാദന വർദ്ധനവ്. വിസ്തൃതി വർദ്ധനവ്. തെങ്ങ് കൃഷിയിൽ ഉൽപാദന വർദ്ധനവ്. മൂല്യവർദ്ധിത ഉൽപന്നങ്ങൾ വഴി വരുമാനവർദ്ധനവ്. വാഴകൃഷിയിൽ അധിക ഉൽപന്നങ്ങൾ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുകയും കർഷകരുടെ വരുമാനവർദ്ധനവ് | | | | വാഴകൃഷി, മരച്ചീനി കൃഷി എന്നിവയിൽ അധിക ഉൽപാദനവും പച്ചക്കറിയുടെ സീസൺ സമയത്ത് അധിക ഉൽപാദനവും നടക്കുന്നു. തെങ്ങ്, കവുങ്ങ് എന്നിവ തൃപ്തികരമായ അവസ്ഥയിൽ നിലനിൽക്കുന്നു. എന്നാൽ കുരുമുളക്, ഫലവർഗ്ഗങ്ങൾ, ഇടവിളകൾ എന്നിവ ശ്രദ്ധ ചെലുത്തേണ്ട | | കാർഷികമേഖലയിലെ ഉൽപാദനവർദ്ധനവ്. പച്ചക്കറി, നെൽ, തെങ്ങ് കൃഷി തുടങ്ങിയവയുടെ വിസ്തൃതി, വിള വർദ്ധനവ്. വാഴമരച്ചീനി തുടങ്ങിയവ അധികമാവുന്ന ഉൽപന്നങ്ങൾ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി സംഭരണ-വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക. രോഗകീടബാധ നിയന്ത്രണത്തിനായി |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | പച്ചക്കറി, തേനീച്ച വളർത്തൽ, വീടുകളിലെ മൽസ്യകൃഷി എന്നിവയിലുടെ വരുമാനവർദ്ധനവ്. സുരക്ഷ, ഭക്ഷണം, ആരോഗ്യപരമായ ജീവിതം എന്നിവ ഉറപ്പാക്കുന്നു. | | | ഉറപ്പാക്കുക. | | | | മേഖലയായി കാണപ്പെടുന്നു. മൽസ്യകൃഷി പ്രോൽസാഹിപ്പിക്കേണ്ടതും അത്യാവശ്യമാണ് | | കാർഷികക്ലിനിക്കുകൾ ശക്തിപ്പെടുത്തുക. മണ്ണ് പരിശോധിപ്പിച്ച് ആവശ്യമായ മാത്രം പ്രകാരം നൽകുക. ചെറുകിട മൽസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതികൾ രൂപീകരിക്കുക. ലൈവ്ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുക. പുരയിടകൃഷി, സമിശ്രകൃഷി എന്നിവ പ്രോൽസാഹിപ്പിച്ച് ഉൽപാദനവർദ്ധനവ്, കർഷകരുടെ വരുമാനവർദ്ധനവ് ഉറപ്പാക്കുക. |

# സംയോജന സാദ്ധ്യതകൾ

പഞ്ചായത്തിലെ മൂന്ന് ജലസേചന പദ്ധതികൾ കൂരാറ പ്രദേശം, ഈസ്റ്റ് വള്ള്യായി പ്രദേശം മൊകേരി പ്രദേശം എന്നിവിടങ്ങളിൽ സ്ഥാപിക്കപ്പെട്ടതിനാൽ ആ പ്രദേശങ്ങളിലെ പച്ചക്കറി, നേന്ത്രവാഴ മരച്ചീനി എന്നീ കൃഷികൾ വലിയ തോതിലുള്ള അഭിവൃദ്ധിക്ക് കാരണമായിട്ടുണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോട് കൂടി തരിശ്ശായ ഒട്ടേറെ ഹെക്ടർ പ്രദേശങ്ങൾ കൃഷിക്ക് ഉപയോക്തമാക്കാൻ സാധിച്ചിട്ടുണ്ട്. ക്ഷീര മേഖലയിലെ വികസനവും കാർഷിക മേഖലയെ ത്വരിതപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ പച്ചക്കറി കാലയളവിൽ കൃഷിഭവന്റെയും, കൂരാറ എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററിന്റെയും മേൽ നോട്ടത്തിൽ ഒരു വിപണന കേന്ദ്രം പാത്തിപ്പാലത്ത് ഒരുക്കിയിട്ടുണ്ട്. ഇത് കർഷകർക്ക് ഒരാശ്വാസമാണ്. ഇതുകൊണ്ട് ഇടത്തരക്കാരുടെ ചൂഷണം ഇവിടെയില്ല. സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതവും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിഹിതവും കാർഷികമേഖലയിലെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

# മൃഗസംരക്ഷണവും ക്ഷീരവികസനവും

## ആമുഖം

മൊകേരി ഗ്രാമപഞ്ചായത്തിൽ ക്ഷീരമേഖലയിൽ കറവപശുക്കളുടെ എണ്ണം കുറവാണെങ്കിലും പാലുൽപാദനത്തിൽ 1996 ലെ അവസ്ഥ നിലനിൽക്കുന്നുണ്ട്. ഇന്ന് പഞ്ചായത്തിൽ 5 പശുക്കൾ വീതമുള്ള 14 ഡയറി ഫാമുകളും 20 ആടുകൾ വീതമുള്ള 2 ഗോട്ട് ഫാമുകളും ഒരു ഇറച്ചിക്കോഴി ഫാമും നിലവിലുണ്ട്. ഇന്ന് നിലവിൽ 425 പശുക്കളും 243 ആടുകളും 3600 കോഴികളും ഉണ്ട്. 1997 മുതല 2021 വരെയുള്ള കാലയളവിൽ ക്ഷീരവികസന വിഷയസമിതിയുടെ കീഴിൽ 70 ഓളം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും.

കാർഷിക പ്രവർത്തനത്തിന്റെ അനുബന്ധമായി കന്നുകാലി വളർത്തലുമുണ്ടായിരുന്നു. നിലമുഴുതാനും വണ്ടി വലിക്കാനും കാളകളെ ഉപയോഗിച്ചു. മൊത്തം 2368 കന്നുകാലികളാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നു. പ്രതിദിന പാലുൽപാദനം 3850 ലിറ്ററായിരുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കർഷക സമ്പർക്ക പരിപീടികൾ അന്ന് നടത്താറുണ്ടായിരുന്നു. അന്ന് വീടുകളിൽ കോഴി വളർത്തൽ സർവ്വസാധാരണമായിരുന്നു. കർഷകർക്ക് നല്ലയിനം കന്നുകാലികളെ പരിചയപ്പെടുത്തുന്നതിന് വർഷത്തിൽ ഒരു തവണയെങ്കിലും ബ്ലോക്ക്തല പ്രദർശനം സംഘടിപ്പിക്കാറുണ്ട് . കറവപശുക്കളിലും കിടാരികളിലും വേലൻക്കാലത്തുണ്ടാകുന്ന പോഷകകുറവ് പരിഹരിക്കുന്നതിന് ധാതുലവണ മിശ്രിതം വിതരണം ചെയ്തിട്ടുണ്ടായിരുന്നു.

## 25 വർഷത്തെ വിലയിരുത്തൽ

കഴിഞ്ഞ 25 വർഷത്തെ കാലയളവ് അവലോകനം ചെയ്താൽ ക്ഷീരകർഷകരുടെ എണ്ണം കുറയുന്നതായി കാണാം. എന്നാൽ കോഴി, ആട് തുടങ്ങിയവയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. പശുക്കൾ കുറയുന്നുണ്ടെങ്കിലും ഇന്നും പഞ്ചായത്തിൽ ഏകദേശം 3000 ലിറ്റർ പാൽ ലഭ്യമാകുന്നുണ്ട്.

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ | | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് :മൃഗ സംരക്ഷണം ക്ഷീര വികസനം | | | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | | |
| 1 | 7 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി | New | ജനറൽ | 325000 | | 325000 | | | |
| 2 | 8 | കന്നുകാലികൾക്ക് ധാതുലവണവും വിരമരുന്നും വിതരണം | New | ജനറൽ | 75000 | | 75000 | | | |
| 3 | 35 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | New | ജനറൽ | 255000 | | 255000 | | | |
| 4 | 36 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കൺസ്യൂമബിൾസ് വാങ്ങൽ | New | ജനറൽ | 10000 | | 10000 | | | |
| 5 | 37 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് സ്ക്വസ് കേജ് വാങ്ങൽ | New | ജനറൽ | 35000 | | 35000 | | | |
| 6 | 18 | പാലിന് സബ്സിഡി | New | ജനറൽ | 399000 | | 399000 | | | |

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| തൻ വർഷം (2025-26) ഏറ്റെടുത്ത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് :മൃഗ സംരക്ഷണം ക്ഷീര വികസനം | | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രൊജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 28 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി | New | ജനറൽ | 390000 | | 0 | | |
| 2 | 34 | കന്നുകാലികൾക്ക് ധാതുലവണവും വിരമരുന്നും വിതരണം | New | ജനറൽ | 75000 | | 74988 | | |
| 3 | 35 | പോത്ത് കുട്ടി വിതരണം | New | ജനറൽ | 540000 | | 540000 | | |
| 4 | 36 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | New | ജനറൽ | 250000 | | 250000 | | |
| 5 | 37 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കൺസ്യൂമബിൾസ് വാങ്ങൽ | New | ജനറൽ | 10000 | | 10000 | | |
| 6 | 39 | കറവപശു വിതരണം-ജനറൽ | New | ജനറൽ | 600000 | | 600000 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | 115 | വെറ്ററിനറി ഡിസ്പെൻസറി നവീകരണം | New | ജനറൽ | 93537 | | 76255 | | |
| 8 | 111 | പാലിന് സബ്സീഡി | New | ജനറൽ | 399000 | | 266000 | | |

ഫോറം 5

## 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങള്

തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര് മൊകേരി:

വർക്കിംഗ് ഗ്രൂപ്പിൻറെ പേര് : മൃഗസംരക്ഷണവും ക്ഷീരവികസനവും

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിൻറെ പേര് | So/New | GEN/ SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം | ഭൌതികം | സാമ്പത്തികം (രൂപ( | ഭൌതികം | |
| 1 | 59 | അടുക്കള മുറ്റത്തെ കോഴിവളർത്തൽ | | GEN | 300000 | | 300000 | | |
| 2 | 67 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി | | GEN | 625000 | | 625000 | | പൂർത്തിയായി |
| 3 | 73 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | | GEN | 75000 | | 75000 | | പൂർത്തിയായി |
| 4 | 75 | കാലികൾക്ക് ധാതുലവണങ്ങൾ, വിരമരുന്ന് വിതരണം | | GEN | 25000 | | 25000 | | പൂർത്തിയായി |
| 5 | 77 | മൃഗാശുപത്രിയിലേക്ക് ഇൻവർട്ടർ വാങ്ങൽ | | GEN | 50000 | | 50000 | | |

# വെല്ലുവിളികൾ വികസന വിടവുകൾ പ്രശ്ന വിശകലനം പരിഹാര സാധ്യത

കൂടുതൽ ആളുകളെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ടി താഴെ പറയുന്ന പദ്ധതികൾ എല്ലാ വർഷവും നടപ്പിലാക്കേണ്ടതാണ്

1. കന്നുകുട്ടികൾക്ക് സൗജന്യ ഇൻഷുറൻസ്
2. കറവപശുക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ
3. കർഷകർക്ക് തീറ്റപുൽകൃഷിക്കാവശ്യമായ സഹായങ്ങൾ കൃഷിവകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുക
4. കാലിത്തൊഴുത്ത് നിർമ്മാണം, ചാണകക്കുഴി നിർമ്മാണം, മുട്ടക്കോഴി നിർമ്മാണം
5. ഡിസ്പൻസറിക്കാവശ്യമായ മരുന്നും ധാതുലവണങ്ങളും ലഭ്യമാക്കൽ
6. ഉൽതപാദന ചെലവിന് ആനുപാതികമായി പാൽ വില ലഭിക്കാതെ വരുമ്പോൾ പാലിന്റെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനും വിപണി കണ്ടെത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുക

# പതിനാലാം പഞ്ചവത്സരപദ്ധതി
## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് മൊകേരി: വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: മൃഗസംരക്ഷണവും ക്ഷീരവികസനവും

| ക്രമ നമ്പർ | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിൻറെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ വെല്ലുവിളി/കൾ | പ്രശ്നത്തിനുള്ള കാരണങ്ങള്/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാന് കഴിയുന്ന ഏറ്റെടുക്കേണ്ടതായ / പ്രവർത്തനങ്ങള് എന്തെല്ലാം?* | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണസ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണസ്ഥാപനതലത്തില് | സർക്കാര് തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | | ക്ഷീരകർഷകർ ഈ മേഖലയിൽ നിന്നും പിന്തിരിയുന്നു | മൊകേരി | | ✓ | | ഉൽപാദന ചെലവിന് അനുകൂലമായി പാൽവില ലഭിക്കുന്നില്ല | കറവപശുക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ, വാർഷിക കാലിത്തൊഴുത്ത് അറ്റകുറ്റപ്പണി | | | |

# വികസന പരിപ്രേക്ഷ്യം, ഹ്രസ്വകാല ,ദീർഘകാല പരിപ്രേക്ഷ്യം

കന്നുകാലികളുടെ വർദ്ധനവിന് ആവശ്യമായിട്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഇതിനാവശ്യമായി കറവപശു വിതരണം ,കിടാരി വിതരണം ,ആടുവളർത്തൽ, കാലിത്തീറ്റ വിതരണം, തീറ്റപുൽ കൃഷി തുടങ്ങിയവ ആരംഭിച്ച് പാലുൽപാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്.

ഫോറം എ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | | | |
| 2026–27 വാർഷിക പദ്ധതി | | | | | | | | | | | |
| വികസന പരിപ്രേക്ഷ്യം /ലക്ഷ്യങ്ങൾ | | | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : | | | |
| ക്രമനം | മേഖല/ ഉപമേഖല | പരിപ്രേഷ്യം( വികസന കാഴ്ചപ്പാട്) | സൂചിക | 2022 ലെ അവസ്ഥ | 2027 ലെ ലക്ഷ്യം(പതിനാലാം പഞ്ചവൽസരപദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്) | 2022 –23 ൽ കൈവരിച്ച നേട്ടം | 2023–24 ൽ കൈവരിച്ച നേട്ടം | 2024–25 കൈവരിച്ച നേട്ടം | 2025–26 ൽ പ്രതീക്ഷിക്കുന്ന നേട്ടം | 2026–27 ലെ ലക്ഷ്യം | 2026–27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
| 1 | | കന്നുകാലികളുടെ വർദ്ധനവ് | | | | | | | 425 | | കറവപശു, കിടാരി വിതരണം, ആടുവളർത്തൽ പദ്ധതിയിലൂടെ പഞ്ചായത്തിന് പറ്റുന്നത്ര കന്നുകാലികളെ വാങ്ങിക്കുക, ഉൽപാദനം കൂട്ടുക |
| 2 | | പാലുൽപാദനവർദ്ധനവ് കൈവരിക്കുക | | | 3500 ലിറ്റർ | | | | 3000 ലിറ്റർ | | കാലിതീറ്റ വിതരണം, തീറ്റപ്പുൽ കൃഷി എന്നിവ വ്യാപിപ്പിച്ച് പാലുൽപാദനവർദ്ധനവും സ്വയം പര്യാപ്തതയും കൈവരിക്കുക |

# സംയോജന സാദ്ധ്യതകൾ

കൃഷിവകുപ്പ്, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവരുമായി സഹകരിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കന്നുകുട്ടി പരിപാലനം കർഷകർക്കാവശ്യമായ ഉപകരണങ്ങൾ നൽകൽ തുടങ്ങിയവ സംസ്ഥാന ആവിഷ്കൃത പദ്ധതികളുമായി സഹകരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

# പ്രാദേശിക സാമ്പത്തികവികസനം

# ആമുഖം

വ്യവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് മൊകേരി പഞ്ചായത്ത്. പ്രദേശികസമ്പത്തിക വികസനത്തിന്റെ ഭാഗമായി കുടുംബശ്രീ വിപണനമേളകളാണ് നാളിതുവരെ നടത്തിവരുന്നത്. ചെറുകിട വ്യവസായരംഗത്ത് മൊകേരി പഞ്ചായത്ത് വളരെയധികം മുന്നോട്ട് വരേണ്ടതായിട്ടുണ്ട്. 1995 കാലയളവിൽ പരമ്പരാഗത വ്യവസായമായി ഇവിടെ ഉണ്ടായിരുന്ന ബീഡിയും കൈത്തറിയും പൂർണ്ണമായും നിലച്ച അവസ്ഥയിലാണിപ്പോൾ. നിലവിൽ, കൂടുതൽ തൊഴിലാളികളും നിർമ്മാണ മേഖലയിലും ചെറുകിട സ്ഥാപനങ്ങൾ ആരംഭിച്ച് ജീവിക്കുന്ന സ്ഥിതിയിലാണ് ഇപ്പോഴുള്ളത്.

നമ്മുടെ പഞ്ചായത്തിലെ നിർമ്മാണ മേഖലയിലും വ്യവസായ മേഖലയിലും പ്രധാന വരുമാനമാർഗമായിരുന്നു പ്രവാസികൾ. അന്യസംസ്ഥാനങ്ങളിലും വിദേശത്തുമായി ജോലി ചെയ്ത് വരുന്ന പ്രവാസികൾ നാട്ടിലേക്ക് അയക്കുന്ന അവരുടെ സമ്പാദ്യത്തിൽ നിന്നാണ് മറ്റെല്ലാ സ്ഥലങ്ങളിലുമെന്ന പോലെ നമ്മുടെ പഞ്ചായത്തിനകത്തും മാറ്റങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. ജനകീയാസൂത്രണ ആരംഭഘട്ടത്തിൽ ഒരു പ്രദേശത്ത് നിന്നും ഒരാൾ എന്നതിൽ നിന്നും ഓരോ കുടുംബത്തിൽ നിന്നും ഒരാളെങ്കില്ലും പ്രവാസിയായി ജീവിതം നയിച്ചുകൊണ്ടിരിക്കുകയാണ്. അന്നത്തെ ഓലമേഞ്ഞ വീടുകളിൽ നിന്നും ഓടിട്ട വീട്ടിലേക്കും പിന്നീടും വാർപ്പ് വീടുകളിലേക്കും വരുകയും ചെയ്തു.

സമീപഭാവിയിൽ കോവിഡ് 19 തീർത്ത സാമ്പത്തികപ്രതിസന്ധിയിലും ആഗോളമാന്ദ്യവും സാമ്പത്തികരംഗത്ത് ഉണ്ടായ തകർച്ച കാരണം പ്രവാസികളുടെ വരുമാനം കുറഞ്ഞ് വന്നത് നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഇങ്ങനെ പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങിയ പ്രവാസികൾ  ചെറുകിടസ്ഥാപനങ്ങൾ ആരംഭിച്ച് ജീവിക്കുന്നു. പുതിയ സംരഭങ്ങൾ തുടങ്ങുന്നതിനും കഴിയാത്ത അവസ്ഥയാണ് ഉള്ളത്.

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും.

വ്യാവസായിക പരമായി ഏറെ പിന്നിലായിരുന്നെങ്കിലും പരമ്പരാഗത തൊഴിൽ ചെയ്യുന്നവരായിരുന്നു ഏറെയും. കൈത്തറി, സ്വർണ്ണപ്പണി, കൊല്ലപ്പണി, മരപ്പണി, കള്ള്ചെത്ത്, ബീഡിതെറുപ്പ്,ജില്ലി നിർമ്മാണം വെൽഡിംഗ്,ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തുടങ്ങിയ രംഗങ്ങളിലായി 1000 നും 1100 നുമിടയിൽ തൊഴിലാളികൾ ജോലിചെയ്തിരുന്നു.സഹകരണ മേഖലയിൽ മൊകേരി വീവേർസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയും വനിത ഗാർമെന്റ്സ് സഹകരണ സംഘം, മൊകേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മൊകേരി ക്ഷീരോൽപാദന സഹകരണ സംഘം, വള്ള്യായി ക്ഷീരോൽപാദന സഹകരണ സംഘം, പാത്തിപ്പാലം സഹകരണ കൺസ്യൂമർ സ്റ്റോർ, കൂരാറ സഹകരണ കൺസ്യൂമർ സ്റ്റോർ ഇവ നിലവിലുണ്ടായിരുന്നു.

ഇന്ന് കൂടുതൽ ജനങ്ങളും നിർമ്മാണ പ്രവൃത്തികളിലാണ്. സ്തീകളിലധികവും തൊഴിലുറപ്പ് പദ്ധതി വഴി ജീവിതം മുന്നോട്ട് കൊണ്ട് പോകുന്നു. ഇന്ന് 191 അയൽക്കൂട്ടങ്ങളും 41 ജെ എൽ ജി ഗ്രൂപ്പുകളും വഴി 700 പേർ ജീവിതമാർഗ്ഗം കൈവരിക്കുന്നു.

| വിഭാഗം | എണ്ണം | അംഗങ്ങളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | GENERAL | SC | ST | ആകെ |
| അയൽകൂട്ടങ്ങൾ | 191 | 191 | -- | -- | 191 |
| ജെ.എൽ.ജി ഗ്രൂപ്പുകൾ | 48 | 48 | -- | -- | 48 |
| പാട്ടകൃഷി ഗ്രൂപ്പുകൾ | 30 | 30 | -- | -- | 30 |
| ലിങ്കേജ് വായ്പ എടുത്തിട്ടുള്ള ഗ്രൂപ്പുകൾ | 177 | 177 | -- | -- | 177 |

## 25 വർഷത്തെ വിലയിരുത്തൽ

മൊകേരി ഗ്രാമപഞ്ചായത്തിൽ 1996 ൽ 352 ഓല മേഞ്ഞ വീടും 2220 ഓടിട്ട വീടും 721 കോൺക്രീറ്റും ഉൾപ്പെടെ 3793 വീടുകളാണ് ആകെ ഉണ്ടായിരുന്നത്. മിക്ക വീടുകളും 600 ച. അടിക്കും 1000 ച. അടിക്കും ഇടയിൽ തറ വിസ്തീർണ്ണം ഉള്ളവയാണ്. അന്ന് കെട്ടിട നിർമ്മാണ ചട്ടം നിലവിൽ ഉണ്ടായിരുന്നില്ല. അന്ന് കോൺക്രീറ്റ് വീടുകൾ എല്ലാവരുടെയും മോഹമായിരുന്നു. മാക്കൂൽ പീടിക ലക്ഷം വീട് കോളനിയിൽ 24 വീടുകൾ ഉണ്ടായിരുന്നു. ആവശ്യത്തിന് കക്കൂസ് ഉണ്ടായിരുന്നു. വിദഗ്ധരുടെ സേവനത്തോടെ നിർമ്മിക്കുന്ന വീടുകളും കുറവായിരുന്നു. ഇന്ന് കുടുംബശ്രീ മുഖേന സ്ത്രീശാക്തീകരണത്തിന് വലിയ മുന്നേറ്റം ഉണ്ടായിട്ടുണ്ട്. കുടുംബശ്രീകളിലൂടെ 26 ഓളം ചെറുകിട സംരഭങ്ങൾ ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്

വ്യക്തിഗതമായും സ്വയംസഹായ സംഘങ്ങൾ രൂപികരിച്ചും ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് സഹായം നൽകി. ഇവരെ

പ്രോൽസാഹിപ്പിക്കേണ്ടതും പുനരധിവസിപ്പിക്കേണ്ടതുമാണ്. കുടുംബശ്രീ വഴി ഒരു പ്രവാസിക്ക് 2 ലക്ഷം രൂപ അനുവദിച്ചു സംരംഭം തുടങ്ങിയിട്ടുണ്ട്.

കുടുംബശ്രീ സംവിധാനത്തിൻ കീഴിൽ 191 അയൽക്കൂട്ടങ്ങൾ റജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. 1710 എ.പി.എൽ അംഗങ്ങളും 1580 ബി.പി.എൽ അംഗങ്ങളുമാണ് ഉള്ളത്. ഇവരുടെ ആഴ്ചതോറുമുള്ള നിക്ഷേപമായി 2 കോടി 28 ലക്ഷം രൂപ സർവീസ് സഹകരണ ബാങ്കിലും കേരളഗ്രാമീൺ ബാങ്കിലും നിക്ഷേപിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതപദ്ധതിയായ എസ്.ജി.എസ്.വൈ യിൽ ഉൾപ്പെടുതി ഗാർമെന്റ്സ് യൂണിറ്റ്, കറിപൗഡർ യൂണിറ്റ്, ഹോട്ടൽ യൂണിറ്റ്, ഡയറക്ട് മാർക്കറ്റിംഗ് യൂണിറ്റ്, എന്നീ സംരംഭങ്ങളും കുടുംബശ്രീമിഷൻ പദ്ധതിയിൽ ഉൾപ്പെടുതി ഇന്റർനെറ്റ് കഫേ, ടെയ്‌ലറിംഗ് യൂണിറ്റ്, ജനകീയ ഹോട്ടൽ, ഗപ്പിഫാം, ബാറ്ററി വാട്ടർ യൂണിറ്റ്, എന്നിവയും ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീജോയിന്റ് ലയബിലിറ്റി ( ) പദ്ധതിയിൽ ഉൾപ്പെടുതി 48 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങൾ സീസൺ അനുസരിച്ച് നെല്ല്, വാഴ, മരച്ചീനി, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നുണ്ട്. കൂടാതെ കാലിതൊഴുത്ത് നിർമ്മാണത്തിന് ധനസഹായവും നൽകുന്നുണ്ട്. 5 കുടുംബങ്ങൾക്ക് 2 പശു വീതം നൽകിയിട്ടുമുണ്ട്.ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയാത്തതാണ് കുടുംബശ്രീ നേരിടുന്ന പ്രധാന വെല്ലുവിളി. ഇതിന് പരിഹാരമെന്ന നിലയിൽ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കുടുംബശ്രീവിപണനമേളകൾ വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ട്

| ക്രമനമ്പർ | സംരംഭം | തുക | വാർഡ് |
|---|---|---|---|
| 1 | ശ്രേയസ്സ് ഫ്ളോർമിൽ & കറിപൗഡർ | | 13 |
| 2 | സ്റ്റാർ വനിത ഹോട്ടൽ | 50000 | 6 |
| 3 | ഫൈൻ ഫെയർ ഷോപ്പർ യൂണിറ്റ് | 300000 | 12 |
| 4 | ദേവ അച്ചാർ | 50000 | 1 |
| 5 | ശ്രീലക്ഷ്മി ഹോട്ടൽ | 150000 | 1 |
| 6 | നാദം ഡാൻസ് കോസ്റ്റ്യൂം | 150000 | 1 |
| 7 | ലസീന ലേഡീസ് ടെയ്‌ലറിംഗ് | 50000 | 13 |
| 8 | ടീ & fruit stall | 100000 | 7 |
| 9 | കൂട് ഗാർമെന്റ്സ് | 200000 | 2 |
| 10 | കളേഴ്സ് ടെയ്‌ലറിംഗ് യൂണിറ്റ് | 150000 | 14 |
| 11 | ABL Dry fruits | 150000 | 12 |
| 12 | ഗംഗ സ്റ്റോർ | 200000 | 1 |
| 13 | ഷീഷോപ്പ് | 10000 | 5 |
| 14 | ജനകീയഹോട്ടൽ | 100000 | 8 |
| 15 | സംഗമം സ്റ്റോർ | 200000 | 2 |
| 16 | അനന്തൻസ് റെഡിമെയ്ഡ്സ് | 100000 | 7 |
| 17 | നൈപുണ്യഫുഡ്സ് & repacking | 50000 | 8 |
| 18 | തൃഷ്ണ ചിക്കൻ സംരംഭം | 50000 | 1 |
| 19 | ചന്ദ്രകാന്തം റെഡിമെയ്ഡ്സ് & ഗാർമെന്റ്സ് | 50000 | 9 |
| 20 | ഹരിതം ടെയ്‌ലറിംഗ് യൂണിറ്റ് | 50000 | 11 |
| 21 | Dual clean സംരംഭം | 40000 | 4 |
| 22 | PK Catering service | 40000 | 11 |
| 23 | പൊന്നൂസ് Catering | 50000 | 5 |
| 24 | Aadri ഗപ്പി ഫാം | 50000 | 12 |
| 25 | Evolta | 200000 | 11 |
| 26 | ഷാൻവി ഫാം | 50000 | 7 |

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രൊജക്ക്ടുകളുടെ വിശദാംശങ്ങൾ | | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : പ്രാദേശിക സാമ്പത്തിക വികസനം | | | | | | | | | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | | |
| 1 | 26 | സ്വയം തൊഴിൽ സംരംഭം ഗ്രൂപ്പ് സംരംഭം വനിതകൾക്ക് | New | ജനറൽ | 400000 | | 400000 | | | |
| 2 | 68 | അതി ദരിദ്രർക്ക് ഓട്ടോറിക്ഷ | New | ജനറൽ | 350000 | | 350000 | | | |
| 3 | 52 | മുറ്റത്തൊരു മീൻതോട്ടം | New | ജനറൽ | 40000 | | 40000 | | | |
| 4 | 136 | വനിതകൾക്ക് അലങ്കാര മത്സ്യവിത്തുല്പാദനവും വളർത്തലും | SO | ജനറൽ | 120000 | | 20000 | | | |
| 5 | 152 | സ്വയം തൊഴില് സംരംഭ ഗ്രൂപ്പ് ഗ്രൂപ്പ് സംരംഭം വനിത | SO | ജനറൽ | 500000 | | 250000 | | | |
| 6 | 193 | ജനകീയ ഹോട്ടൽ വാടക കറണ്ട് ചാർജ് വെള്ളക്കരം ചെലവുകൾ | New | ജനറൽ | 63140 | | 56613 | | | |

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| തൻ വർഷം (2025-26) ഏറ്റെടുത്ത പ്രൊജക്ടുകളുടെ വിശദാംശങ്ങള് | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | | | | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രൊജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 30 | സ്വയം തൊഴിൽ സംരംഭം ഗ്രൂപ്പ് സംരഭം വനിതകൾക്ക് | | | 1100000 | | 0 | | |
| 2 | 68 | ജനകീയ ഹോട്ടൽ വാടക കറണ്ട് ചാർജ് വെള്ളക്കരം ചെലവുകൾ | | | 55140 | | 41355 | | |

# വെല്ലുവിളികൾ വികസന വിടവുകൾ പ്രശ്ന വിശകലനം പരിഹാര സാധ്യത

## പ്രശ്നങ്ങൾ

1. വിപണിയുടെ ദൗർലഭ്യം
2. സാങ്കേതിക പരിജ്ഞാനത്തിന്റെ അപര്യാപ്തത
3. വ്യവസായ മേഖലയിൽ സ്വയം കടന്ന് വരാനുള്ള ആളുകളുടെ വിമുഖത
4. ആരംഭിച്ച സംരംഭങ്ങൾ മികതും വിജയത്തിലേത്തിക്കാൻ സാധിച്ചില്ല.
5. ബാങ്കിന്റെ പലിശ നിരക്ക് കൂടുതലാണ്.

## പ്രശ്നപരിഹാരമാർഗ്ഗങ്ങൾ

1. സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുക.
2. സംരംഭകർക്ക് ആവശ്യമുള്ള ബോധവൽക്കരണവും പരിശീലനക്ലാസ്സുകളും നൽകുക.
3. ഇന്ന് ഏറ്റവും കൂടുതൽ വിപണന സാധ്യതയുള്ള ഉൽപന്നങ്ങളെ പറ്റി ബോധവൽക്കരണം നൽകുക.
4. കൃത്യമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച വിപണനകേന്ദ്രങ്ങൾ സ്ഥിരമായി ആരംഭിക്കുക.
5. വിദേശത്ത് നിന്ന് തൊഴിൽ നഷ്ടപ്പെട്ടു വരുന്ന പ്രവാസികൾക്ക് സ്വയം സംരംഭം തുടങ്ങുന്നതിന് നോർക്കയുടെ പ്രവാസി പുനരധിവാസ പദ്ധതി സഹായങ്ങൾ ഉപയോഗിച്ച് സംരംഭങ്ങൾ തുടങ്ങാൻ പ്രവാസികൾ തയ്യാറാകേണ്ടതുണ്ട്.

# പതിനാലാം പഞ്ചവത്സരപദ്ധതി
## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല/ഉപമേഖല | പശ്ണങ്ങൾ | പ്രശ്ന ബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിൻറെ തീവ്രത ( ü നചയ്യുക( | | | പ്രശ്നത്തിനുള്ള കാരണങ്ങൾ കള്‌വെല്ലുവിളി/ | പ്രശ്നതതിനുള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാന് കഴിയുന്ന ഏറ്റെടുക്കേണ്ടതായ / പ്രവർത്തനങ്ങള് എന്തെല്ലാം?* | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപനതലതതിൽ | സർക്കാര് തലത്തിൽ | സർക്കാരിതര തലതതിൽ |
| 1 | | വ്യവസായങ്ങളുടെ കുറവ് | പഞ്ചായത്ത് | | ✓ | | വിപണനകേന്ദ്രം ഇല്ല | പുതിയ വിപണന കേന്ദ്രം സ്ഥാപിക്കൽ | | സാമ്പത്തിക സഹായം നൽകുക | |
| 2 | | സ്വയം തൊഴിൽ സംരംഭങ്ങളുടെ കുറവ് | പഞ്ചായത്ത് | | ✓ | | താൽപര്യമില്ല. ബാങ്ക് വായ്പയ്ക്ക് ഉയർന്ന പലിശ, സാങ്കേതിക പരിജ്ഞാനകുറവ്, ആരംഭിച്ച സംരംഭങ്ങൾ വിജയിക്കുന്നില്ല | ബോധവൽക്കരണം നടത്തുക | | സാങ്കേതിക പരിജ്ഞാനം നൽക്കുക | ബാങ്ക് വായ്പ അനുവദിക്കുക |

# വികസന പരിപ്രേക്ഷ്യം, ഹ്രസ്വകാല ,ദീർഘകാല പരിപ്രേക്ഷ്യം

മൊകേരി ഗ്രാമപഞ്ചായത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ കുറവാണെന്ന് പറയാം. വരുന്ന 10 വർഷക്കാലയളവ്കൊണ്ട് കൂടുതൽ സ്വയംതൊഴിൽ സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കേതുണ്ട്. കൂടുതൽ സാധ്യതകളുള്ള മേഖലയാണ് ജൈവവള നിർമ്മാണ യൂണിറ്റ്, കാറ്ററിംഗ് സർവീസ്, ടെയിലറിംഗ് യൂണിറ്റ് , തുണിസഞ്ചി നിർമ്മാണ യൂണിറ്റ്, അരവ് കേന്ദ്രം, ഗാർമെന്റ്സ് തുടങ്ങിയവ. പഞ്ചായത്തിൽ പ്രസ്തുത സംരംഭങ്ങൾക്ക് ഓരോ യൂണിറ്റ് വീതമെങ്കിലും അടുത്ത 5 വർഷം കൊണ്ട് അരംഭിക്കാൻ സാധിച്ചാൽ പഞ്ചായത്തിൻറെ സാമ്പത്തിക സ്ഥിതിയും ജനങ്ങളുടെ ജീവിതനിലവാരവും മെച്ചപ്പെടാൻ വളരെ സഹായകമാകും.

.

ഫോറം എ

പതിനാലാം പഞ്ചവൽസര പദ്ധതി

2026–27 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം /ലക്ഷ്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് :

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേഷ്യം( വികസന കാഴ്ചപ്പാട് ) | സൂചിക | 2022 ലെ അവസ്ഥ | 2027 ലെ ലക്ഷ്യം(പതിനാലാം പഞ്ചവൽസരപദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്) | 2022 –23 ൽ കൈവരിച്ച നേട്ടം | 2023–24 ൽ കൈവരിച്ച നേട്ടം | 2024–25 കൈവരിച്ച നേട്ടം | 2025–26 ൽ പ്രതീക്ഷിക്കുന്ന നേട്ടം | 2026 –27 ലെ ലക്ഷ്യം | 2026–27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|---|
| 1 | | ജൈവവള നിർമ്മാണ യൂണിറ്റ് | 1 | 3 | 3 | | | | | | ജൈവമാലിന്യ നിർമാർജനം, പുതിയ സംരംഭങ്ങൾ ആരംഭിക്കൽ |
| 2 | | കാറ്ററിംഗ് സർവ്വീസ് | 2 | 5 | 3 | | | | 2 | | പുതിയ സംരംഭങ്ങൾ ആരംഭിക്കൽ |
| 3 | | ടെയ്‌ലറിംഗ് യൂണിറ്റ് | 3 | 6 | 3 | | | | 3 | | പുതിയ സംരംഭങ്ങൾ ആരംഭിക്കൽ |
| 4 | | തുണി സഞ്ചി നിർമ്മാണ യൂണിറ്റ | 4 | 10 | 10 | | | | | | പുതിയ സംരംഭങ്ങൾ ആരംഭിക്കൽ |

## സംയോജന സാദ്ധ്യതകൾ

കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിയും ക്ഷീര വികസനവും സംയോജിപ്പിച്ചുകൊണ്ട് ഒട്ടേറെ സാധ്യതയുള്ള മേഖലയാണിത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജി.എസ്.വൈ ഉൾപ്പെടുത്തികൊണ്ട് ഗാർമെൻറ് യൂണിറ്റ്, കറി പൗഡർ യൂണിറ്റുകളും കുടുംശ്രീ മിഷൻ പദ്ധതികൾ ഉൾപ്പെടുത്തികൊണ്ട് ടെയിലറിംഗ് യൂണിറ്റ്, ജനകീയ ഹോട്ടൽ, ഗപ്പി ഫാം എന്നിവയും ആരംഭിച്ചിട്ടുണ്ട്. ജെ.എൽ.ജി ഗ്രൂപ്പ് വഴി സീസൺ അനുസരിച്ച് നെല്ല്,വാഴ,മരച്ചീനി എന്നിവയും കൃഷി ചെയ്യുന്നുണ്ട്.

# പൊതുമരാമത്ത്
# ഊർജം

## ആമുഖം

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ മലയാളം പ്രധാന ഭാഷയായ പ്രദേശങ്ങളെല്ലാം കൂട്ടിച്ചേർത്ത് 1956– നവംമ്പർ ഒന്നിന് കേരളം എന്ന സംസ്ഥാനം രൂപംകൊണ്ടു. കേരളപിറവിക്ക് ശേഷം ഉണ്ടായ നാടിന്റെ വികസനചരിത്രത്തിലെ സുപ്രധാന ഏടാണ് ലോകത്തിൽ ആദ്യമായി ബാലറ്റിലുടെ അധികാരത്തിൽ വന്ന 1957 ലെ ബഹു. മുഖ്യമന്ത്രി ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് മന്ത്രിസഭ, ഭൂപരിഷ്കരണരംഗത്തും വിദ്യാഭ്യാസരംഗത്തും വിപ്ലവകരമായ മാറ്റങ്ങൾ കുറിച്ചത് ഈ ഭരണകാലത്താണ്. പതിറ്റാണ്ടുകൾക്ക് ശേഷം 1996ലെ ബഹു. മുഖ്യമന്ത്രി ശ്രീ.ഇ.കെ. നായനാർ നേതൃത്വം കൊടുത്ത മന്ത്രിസഭയുടെ കാലഘട്ടത്തിലാണ്ലോകരാജ്യങ്ങളും ഇതരസംസ്ഥാനങ്ങളും ഉറ്റുനോക്കിയ ജനകീയാസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടതും അധികാരം ജനങ്ങളിലെത്തിയതും. 1947ന് ശേഷം ഇന്ത്യയുടെ ത്വരിതപൂർണ്ണമായ സാമ്പത്തിക– സാമൂഹിക വളർച്ചയ്ക്ക് ഊന്നൽ നൽകി കൊണ്ട് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ബഹു.ശ്രീ.ജവഹർലാൽനെഹ്റു നടപ്പിലാക്കിയ വികസനപദ്ധതികളായിരുന്നു പഞ്ചവത്സര പദ്ധതികൾ . 8ാം പഞ്ചവത്സര പദ്ധതി പൂർത്തിയായിട്ടും ഉദ്ദേശിച്ച ലക്ഷ്യങ്ങൾ നേടാനാവാതെ പരാജയപ്പെട്ട ഘട്ടത്തിലാണ് കേരളമോഡൽ എന്നറിയപ്പെട്ട ജനകീയാസൂത്രണ പ്രസ്ഥാനം 9ാം പഞ്ചവത്സര പദ്ധതികാലത്ത് രൂപം കൊണ്ടത്. 1996 ആഗസ്റ്റ് 17 ന് ( ചിങ്ങം 1)ആരംഭിച്ച ചരിത്രപ്രാധാന്യമുള്ളതും വിപ്ലവകരവുമായ ഒരു പരീക്ഷണമായിരുന്നു ഇത്. വികസനപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികൊണ്ടുള്ള വികേന്ദ്രീകൃത ആസൂത്രണപദ്ധതിയായിരുന്നു ജനകീയാസൂത്രണം.

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

ഒരു പ്രദേശത്തിന്റെ സാമ്പത്തിക– വികസനത്തിന് ഗതാഗതമേഖലയ്ക്ക് ഗണിതമായ സ്ഥാനമാണുള്ളത്. സമ്പത്ത്വ്യവസ്ഥയുടെ സുസ്ഥിരവികസനത്തിനും ചെലവ് കുറഞ്ഞ രീതിയിലുള്ള ചരക്ക് നീക്കത്തിനും യാത്രയ്ക്കും കാര്യക്ഷമമായുള്ള റോഡ് വികസനം അത്യാവശ്യമാണ്. ഒരു ദേശത്തെ റോഡിന്റെ നിലവാരം നോക്കിയാൽ അറിയാം ആ നാടിന്റെ വികസനത്തിന്റെയും പുരോഗതിയുടെയും തോത്. ഒരുപാട് പരിമിതികളും പ്രതിബന്ധങ്ങളും നേരിടുന്ന മേഖലയാണ് റോഡ് ഗതാഗതം. റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാവുന്ന എതിർപ്പുകളും പരിസ്ഥിതിപ്രശ്നങ്ങളും ഒരു വെല്ലുവിളിയായി മാറുന്നത് വികസന പദ്ധതികൾക്ക് പ്രതിബന്ധമായി തീരുന്നത് ചിന്തനീയമാണ്.

അഭിവക്ത പാനൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്ന ചില പ്രദേശങ്ങൾ ഉൾപ്പെടുതിയാണ് 1962 ൽ മൊകേരി പഞ്ചായത്ത് രൂപീകൃതമാവുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മൊകേരി പഞ്ചായത്തിനെ സംബന്ധിച്ചിട്ടത്തോളം ഗതാഗതയോഗ്യമായി ആകെ ഉണ്ടായിരുന്നത് ഒരു റോഡാണ്. പാത്തിപ്പാലം– വള്ളങ്ങാട് റോഡ്. പണ്ട് കോട്ടയം രാജവംശക്കാർ പനോളിയിലേക്ക് വരാൻ ഉപയോഗിച്ചിരുന്ന പ്രധാനപാതയായിരുന്നു പാത്തിപാലം വഴി കടന്നുപോകുന്ന

പാനൂർ- കൂത്തുപറമ്പ് റോഡ്. പ്രസ്തുത പാതയോരത്തിൽ ഉണ്ടായിരുന്ന കച്ചവടസ്ഥാപനങ്ങളായിരുന്ന (പീടിക) മുത്താറിപീടിക, മാക്കൂൽപീടിക, തങ്ങൾ പീടിക എന്നിവയായിരുന്നു പിന്നീട് ഒരു ഗ്രാമപ്രദേശത്തിന്റെ സ്ഥനാമമായ് പരിണമിച്ചത്. ബ്രിട്ടീഷ് ഭരണകാലത്ത് കൂത്ത്പറമ്പിൽ നിന്നും പാനൂരിലേക്കുള്ള യാത്ര സുഗമമാക്കാൻ വേണ്ടി പാട്യം- മൊകേരി പഞ്ചായത്തിന്റെ അതിർത്തി വേർതിരിക്കുന്ന പുഴയ്ക്ക് കുറുകെ വീതി കുറഞ്ഞൊരു പാലം നിർമ്മിച്ചിരുന്നു. മുൻകാലത്ത് പാത്തിക്കൽ എന്ന് അറിയപ്പെട്ടിരുന്ന ഈ പ്രദേശം പാലം വന്നതോടെ പാത്തിപ്പാലം എന്ന പേരിലേക്ക് മാറിയതായി പഴമക്കാർ പറയുന്നു.

റെയിൽ ഗതാഗതമോ വ്യോമ-ജല പാതകളോ ഇല്ലാത്ത റോഡിനെ മാത്രം ആശ്രയിക്കുന്ന ഒരു പഞ്ചായത്താണ് മൊകേരി. 1929 ൽ ഈ മേഖലയിൽ കൂടി കൂത്തുപറമ്പിൽ നിന്നും പാനൂരിലേക്ക് ആദ്യമായി പ്രയാണം ആരംഭിച്ച ബസ്സാണ് എ.പി.മോട്ടോർ സർവ്വീസ് ശങ്കരൻ ഡ്രൈവർ, പാറാങ്കണ്ടി കൃഷ്ണൻ നമ്പ്യാർ എന്നിവരായിരുന്നു ഈ ബസ്സിലെ തൊഴിലാളികൾ. 1974 വരെ മറ്റൊരു റോഡുകളിലും ബസ്സ്യാത്രാസൗകര്യം ഉണ്ടായിരുന്നില്ല. ഭൂമി ശാസ്ത്രപരമായി നമ്മുടെ പഞ്ചായത്തിന്റെ കിടപ്പും വാഹനങ്ങളുടെ ലഭ്യക കുറവും ജനങ്ങളുടെ ജീവിതനിലവാരവും പുതിയ റോഡുകൾ നിർമ്മിക്കുന്ന ബോധത്തെ പിറകോട്ട് നയിച്ചിട്ടുണ്ട്. കിഴക്ക് മരപ്പാലം മുതൽ പടിഞ്ഞാറ് പുഞ്ചവയൽ വരെ നീണ്ട പുഴയും തെക്ക്പടിഞ്ഞാറായി പരന്ന് കിടക്കുന്ന മൊകേരി പുഞ്ചവയലും മുൻകാലങ്ങളിൽ റോഡ് വികസനത്തിനും യാത്രാ സൗകര്യത്തിനും വിഘാതമായി മാറിയിട്ടുണ്ട്. 10കി.മിറ്ററോളം നീണ്ടുകിടക്കുന്ന പുഴയ്ക്ക് കുറുകെ പാത്തിപ്പാലത്ത് ഒരു പാലം പണിതുകൊണ്ട് മൊകേരിയുടെ മദ്ധ്യഭാഗത്തുള്ള ജനങ്ങൾക്ക് യാത്രാസൗകര്യം കിട്ടിയിരുന്നെങ്കില്ലും കേരള പിറവിയും കഴിഞ്ഞ് പഞ്ചായത്ത് രൂപീകരിച്ചതിന് ശേഷമാണ് മൊകേരിയുടെ കിഴക്കും പടിഞ്ഞാറുമുള്ള ദേശങ്ങളിലുള്ളവർക്ക് യാത്രാസൗകര്യം കിട്ടാൻ തുടങ്ങിയത്. പോകുന്നതിനും യാത്രയ്ക്കുമായി കാളവണ്ടി, കൈവണ്ടി എന്നിവയെയാണ് ആശ്രയിച്ചിരുന്നത്. മൊകേരിയിലേയും കിഴക്കൻ പ്രദേശങ്ങളിലെയും ജനങ്ങൾ നാണ്യവിളകളും മറ്റ് ഉൽപന്നങ്ങളും വിറ്റഴിക്കാൻ തലചുമടായും കാൽനടയായും കാവുകെട്ടിയും കിലോമീറ്ററുകളോളം താണ്ടിയാണ് തലശ്ശേരിയിൽ എത്തിയിരുന്നത്. യാത്രക്കാർക്കും കാളവണ്ടിക്കാർക്കുമായി തണ്ണീർപന്തൽ, അത്താണികൾ, നാൽകാലികൾക്ക് ദാഹം ശമിപ്പിക്കാനുള്ള വെള്ളം നിറച്ച കരിങ്കൽ തൊട്ടികൾ, ചുമട് താങ്ങികൾ എന്നിവ പാതയോരങ്ങളിൽ പഴമക്കാർ നിർമ്മിച്ചിരുന്നുവെന്ന് സഹജീവി സ്നേഹത്തിന്റെയും സഹായത്തിന്റെയും ഉത്തമോദാഹരമാണ്.

1995-96 കാലഘട്ടത്തിൽ ആരംഭിച്ച കേരളത്തിന്റെ മുഖഛായ തന്നെ മാറ്റിയ ജനകീയാസൂത്രണം. മൊകേരി പഞ്ചായത്തിലെ ഗതാഗതരംഗത്ത് സമൂലമായ മാറ്റങ്ങൾക്കാണ് തുടക്കം കുറിച്ചത്. റോഡുകളിൽ ടാർ ഇടാത്തതും, ടാർ ഇട്ട റോഡുകളിൽ അറ്റകുറ്റപണികൾ ചെയ്യാൻ താമസിക്കുന്നതും, ഗ്രാമീണ റോഡുകൾ എറ്റെടുത്ത് ചെയ്യാനാവാത്തതും മൺറോഡുകളിൽ കല്ലുകളും കുഴികളും നിറഞ്ഞത് കാരണം അപകടവും യാത്രാദുരിതവും നിത്യസംഭവമായിരുന്നതിന് പരിഹാരമായിരുന്നത് ജനകീയാസൂത്രണം ആരംഭിച്ചതിന് ശേഷമാണ് എന്നത് വസ്തുതയാണ്. ജനകീയാസൂത്രണം 25 വർഷം പിന്നിട്ട് 14 ാം പഞ്ചവത്സരപദ്ധതിയിലേക്ക് എത്തിനിൽക്കുന്ന 2022 ൽ ഗതാഗതരംഗത്ത് മൊകേരി ഗ്രാമപഞ്ചായത്തിൽ വമ്പിച്ച കുതിച്ച് ചാട്ടമാണ് ഉണ്ടായത്.

1995–1996 കാലത്തെ ജനകീയാസൂത്രണത്തിന്റെ പ്രാരംഭകാലത്ത് 42.221 കി.മി മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് മൊകേരി ഗ്രാമപഞ്ചായത്തിൽ 2021–22 കാലയളവിൽ ആകെ 65.709 കി.മീ ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമായ നേട്ടമാണ്.

PWD റോഡുകളായ വള്ളങ്ങാട്-പാത്തിപ്പാലം റോഡ് SH 38- 3.390 കി.മീറ്ററും, പാത്തിപാലം-മരപ്പാലം റോഡ് MDR- 4.690 കി.മീറ്ററും, മുത്താറിപ്പീടിക-ചെണ്ടയാട് റോഡ് 800മീറ്ററും , ചാടാലപ്പുഴ-കൂരാറ-മാക്കൂൽപീടിക റോഡ് 3.960 കി.മീറ്ററും, ഗ്രാമീണ റോഡുകൾ 52.869 കി.മീറ്ററും, എന്നത് മൊകേരിയുടെ ഗതാഗതരംഗത്തെ വളർച്ചയുടെ സൂചകങ്ങളാണ്.

| ഗ്രാമീണറോഡുകൾ | | | |
|---|---|---|---|
| 1995–96 | | 2021–22 | |
| ഗ്രാമീണറോഡുകൾ | 29.783 കി.മീ | ഗ്രാമീണറോഡുകൾ | 52.869 കി.മീ |
| PWD റോഡുകൾ | 9.388 കി.മീ | PWD റോഡുകൾ | 12.840 കി.മീ |
| സ്റ്റേറ്റ്ഹൈവേ | 3.050 കി.മീ | സ്റ്റേറ്റ്ഹൈവേ | |
| ആകെ | 42.221 കി.മീ | ആകെ | 65.709 കി.മീ |

## 25 വർഷത്തെ വിലയിരുത്തൽ

1995–96 കാലയളവിൽ 8.772 കി.മീറ്റർ റോഡുകൾ ടാർ ചെയ്തിടത്ത് 2021–22 കാലയളവിൽ അത് 41.328 കി.മീറ്ററായി വർദ്ധിച്ചു.18.961 കി.മീറ്റർ മൺറോഡുകൾ എന്നത് ചുരുങ്ങി 11.054 കിമീറ്റായി മാറിയിരിക്കുന്നു. മൊകേരിയുടെ ഗ്രാമപ്രദേശങ്ങളിലേക്ക് ബഹുഭൂരിപക്ഷം റോഡുകളും പോക്കറ്റ് റോഡുകളും ടാർ ചെയ്ത് ഗതാഗതം സുഗമമാക്കാൻ ഇക്കാലയാളവിൽ സാധിച്ചിട്ടുണ്ട്. രണ്ട് കരകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള വയൽറോഡുകളും നടപ്പാതകളും നിർമ്മിച്ച് ടാർ ചെയ്തും കോൺക്രീറ്റ് ചെയ്തും ഗതാഗതവികസനം ഉൾപ്രദേശങ്ങളിലും എത്തിക്കാൻ പ്രത്യേകശ്രദ്ധയാണ് പ്രാദേശിക സർക്കാരുകളും പഞ്ചായത്തും ചെലുത്തുന്നത്. NREGA പദ്ധതിയിലൂടെയും നിരവധി ചെറുറോഡുകളും നടപ്പാതകളും കോൺക്രീറ്റ് ചെയ്ത് വികസനരംഗത്ത് ജനഹിതം നടപ്പിലാക്കാൻ പഞ്ചായത്ത് ഭരണസമിതികൾ ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ബാക്കിയുള്ള മേഖലകളിൽ മുൻഗണനാക്രമത്തിൽ സമയബന്ധിതമായി ഗതാഗതയോഗ്യമാക്കുന്നതിനും ഗതാഗതസൗകര്യം ലഭ്യമായ സമ്പൂർണ്ണ പഞ്ചായത്തായി പ്രഖ്യാപിക്കാനുള്ള ലക്ഷ്യവുമായി പുത്തൻ വാർഷിക പദ്ധതികൾ ഏറ്റെടുത്ത് വികസനപ്രക്രിയ തുടരേണ്ടതുണ്ട്.

കേരളപിറവിക്ക് ശേഷം മുതൽ മൊകേരിയുടെ പടിഞ്ഞാറൻ മേഖലയിലെ ജനങ്ങളുടെ നിലയ്ക്കാത്ത ആവശ്യമായിരുന്നു ചാടലപുഴയ്ക്ക് കുറുകെ പാലം പണിത് കതിരൂർ-തലശ്ശേരി ഭാഗത്തേക്കുള്ള യാത്രാസൗകര്യം വർദ്ധിപ്പിക്കുക എന്നത്. ഈ സ്വപ്നത്തിന് സാക്ഷാത്കാരം ഉണ്ടായത് 1996– ആഗസ്റ്റ് 29 ന് ബഹു.

കേരള മുഖ്യമന്ത്രി ശ്രീ. ഇ.കെ.നായനാർ പാലത്തിന്റെ ഉദ്ഘാടനം നിർവഹിച്ചതോടെയാണ്. ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗതാഗതവകുപ്പ് മന്ത്രി. വി.ആർ.കുറുപ്പ് ഈ റോഡ് വഴി KSRTC ബസ്സ് ഓടിക്കുവാൻ ഉത്തരവിറക്കുകയും ചെയ്തു. ആ കാലയളവിലെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന സി.കെ. ശശിധരന്റെ നേതൃത്ത്വതിലുള്ള ഭരണസമിതി ചാടാലപ്പുഴപാലം സാധ്യമാക്കുന്നതിന് പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. മറ്റ് പ്രധാന പാലങ്ങളാണ് മൊകേരി പഞ്ചായത്തിനെയും പാട്യം പഞ്ചായത്തിനെയും വേർതിരിക്കുന്ന പാത്തിപാലം, മൊകേരിയുടെ കിഴക്ക് ഈസ്റ്റ് വള്ള്യായിലെ മരപ്പാലം, മുതിയങ്ങ വഴി പാട്യം പഞ്ചായത്തിലേക്കുള്ള തടിപ്പാലം, സെന്റർ വള്ള്യായിൽ നിന്നും കാര്യാട്ടുപുറം ഭാഗത്തേക്കുള്ള ഉണിച്ചാണ്ടിപ്പാലം, ചിറമ്മൽ നിന്നും മുതിയങ്ങയിലേക്കുള്ള ചിറമ്മൽപാലം, തെക്ക് മൊകേരിയിൽ നിന്നും പാനൂർ മുനിസിപ്പാലിറ്റിയിലേക്ക് കടക്കുന്ന ഗുരുസന്നിധിപാലം, മൊകേരിയിൽ നിന്നും ചമ്പാട് ഭാഗത്തേക്ക് പോകുന്നവലിയതോട് പാലം, മൊകേരി പഞ്ചായത്തിന്റെയും പന്ന്യനൂർ പഞ്ചായത്തും അതിർത്തി പങ്കിടുന്ന പുഞ്ചക്കമാനം പാലം എന്നിവ നിർദ്ദിഷ്ട മൂർഖൻപറമ്പ്– പെരിങ്ങത്തൂർ 30 മീറ്റർ എയർപോർട്ട് പാത കടന്ന് പോകുന്നത് മൊകേരിയുടെ ഹൃദയഭാഗമായ പാത്തിപാലം, മുത്താറിപ്പീടിക, മാക്കൂൽപീടിക, വള്ളങ്ങാട് എന്നീ ഭാഗത്ത് കൂടിയാണ്.

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രൊജക്ക്ടുകളുടെ വിശദാംശങ്ങള് | | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് :പൊതുമരാമത്ത് | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | | |
| 1 | 108 | താഹ പള്ളി കുരിയാട്ട് റോഡ് ടാറിംഗ് | New | ജനറൽ | 504840 | | 504832 | | | |
| 2 | 109 | കണ്ണിപ്പൊയിൽ റോഡ് ടാറിംഗ് | New | ജനറൽ | 458726 | | 456522 | | | |
| 3 | 110 | കൊപ്രപ്പീടിക പോന്ന്യക്കന് മുക്ക് റോഡ് ടാറിംഗ് | New | ജനറൽ | 636337 | | 636319 | | | |
| 4 | 114 | കുറുംമ്പയിൽ മുക്ക് റോഡ് ടാറിംഗ് | New | ജനറൽ | 375140 | | 374394 | | | |
| 5 | 116 | ഗാന്ധി റോഡ് റീടാറിംഗ് | New | ജനറൽ | 605000 | | 592328 | | | |
| 6 | 117 | സുരേന്ദ്ര ആറ്റപ്പുറം റോഡ് റീടാറിംഗ് | New | ജനറൽ | 314685 | | 286069 | | | |
| 7 | 118 | കടേപ്രം വയൽ റോഡ് റീ ടാറിംഗ് | New | ജനറൽ | 519648 | | 519626 | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 8 | 119 | മണ്ടമുള്ളതിൽ ക്ഷേത്രം റോഡ് റീ ടാറിംഗ് | New | ജനറൽ | 405000 | | 403590 | | | |
| 9 | 120 | കുന്നോത്ത് മുക്ക് ചക്ക്യാരത്ത് മുക്ക് റോഡ് പുനരുദ്ധാരണം | New | ജനറൽ | 311425 | | 311388 | | | |
| 10 | 122 | കടേപ്രം ജുമായത്ത് പള്ളി റോഡ് റീടാറിംഗ് | New | ജനറൽ | 325000 | | 0 | | | |
| 11 | 144 | പുതുമ മുക്ക് കുളം റോഡ് റീടാറിംഗ് | SO | ജനറൽ | 637690 | | 633164 | | | |
| 12 | 145 | ഐകെബിറോഡ് റീടാറിംഗ് | SO | ജനറൽ | 705000 | | 692905 | | | |
| 13 | 159 | ജർമ്മനി മുക്ക് വാചാലിപ്പീടിക റോഡ് റീടാറിംഗ് | SO | ജനറൽ | 743600 | | 731609 | | | |
| 14 | 161 | സുരേന്ദ്ര റോഡ് – ആറ്റുപുറം റോഡ് നവീകരണം | SO | ജനറൽ | 50000 | | 49022 | | | |
| 15 | 163 | ചെമ്മേരീന്റവിട പറമ്പ വടക്കയിൽ പറമ്പ റോഡ് റീ ടാറിംഗ് | SO | ജനറൽ | 849240 | | 842211 | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 16 | 164 | പാറേമ്മൽ മൊകേരി അംശം ലിമിറ്റ് റോഡ് നവീകരണം | SO | ജനറൽ | 1070975 | | 0 | | | |
| 17 | 170 | മക്കുൽ പീടിക കക്കുഴിയുള്ള പറമ്പത്ത് സബ് സെൻ്റർ റോഡ് പുനരുദ്ധാരണം | New | ജനറൽ | 267345 | | 255881 | | | |
| 18 | 171 | വള്ളിയായി മുത്താറിപ്പീടിക റോഡ് റീടാറിംഗ് | New | ജനറൽ | 388225 | | 367734 | | | |
| 19 | 172 | വള്ളിയായി ലക്ഷം വീട് റോഡ് റീടാറിംഗ് | New | ജനറൽ | 504635 | | 0 | | | |
| 20 | 173 | മൊട്ടേമ്മൽ താഴെ കനാൽ റോഡ് റീടാറിങ്ങ് | New | ജനറൽ | 2519 | | 2519 | | | |
| 21 | 174 | മഠത്തിൽ താഴെ പുതിയാണ്ടിമുക്ക് റോഡ് റീടാറിങ്ങ് | New | ജനറൽ | 4569 | | 4569 | | | |
| 22 | 184 | ചാലിൽ മുക്ക് റോഡ് നവീകരണം | New | ജനറൽ | 235000 | | 194914 | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 23 | 199 | വള്ള്യായി ചെണ്ടയാട് റോഡ് റീടാറിങ്ങ് | New | ജനറൽ | 534310 | | 534197 | | | |
| 24 | 200 | പ്രിയദർശിനി റോഡ് പുനരുദ്ധാരണം | New | ജനറൽ | 324265 | | 305607 | | | |
| 25 | 214 | ഈസ്റ്റ് വള്ള്യായി കല്ല് വളപ്പ് റോഡ് നവീകരണം | New | ജനറൽ | 383163 | | 0 | | | |
| 26 | 216 | കുന്നോത്ത്മുക്ക് പുഞ്ചക്കമാനം റോഡ് പുനരുദ്ധാരണം | New | ജനറൽ | 300000 | | 0 | | | |

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| തൻ വർഷം (2025-26) ഏറ്റെടുത്ത പ്രൊജക്റ്റുകളുടെ വിശദാംശങ്ങൾ | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി വർക്കിംഗ് ഗ്രൂപ്പിന്റെ പേര് :പൊതുമരാമത്ത് | | | | | | | | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രൊജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 42 | സെൻട്രല് വള്ള്യായി ശ്മശാനം റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 770040 | | 770036 | | |
| 2 | 45 | പാത്തിപ്പാലം അക്വാഡറ്റ് കനാൽ റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 1005000 | | 0 | | |
| 3 | 46 | പുതുമമുക്ക് തങ്ങൾ പീടിക റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 603840 | | 603838 | | |
| 4 | 50 | കുരാറ ഫ്ലൌർമില് റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 799650 | | 788938 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 5 | 82 | പാത്തിക്കൽ പാറമ്മേൽ റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 805000 | | 792595 | | |
| 6 | 85 | ഐ വി ദാസ് ലിങ്ക് റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 605000 | | 586931 | | |
| 7 | 87 | മാക്കുൽപ്പീടിക കക്കുഴിയുള്ള പറമ്പത്ത് സബ് സെന്റർ റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 505000 | | 504776 | | |
| 8 | 90 | ജർമ്മനിമുക്ക് വച്ചാലി പീടിക റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 398800 | | 0 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 9 | 94 | ആറ്റപ്പുറം പൂങ്കാവനം റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 805000 | | 0 | | |
| 10 | 95 | ഉദയ അംഗൻവാടി കുഞ്ഞികല്ലുള്ള റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 502185 | | 0 | | |
| 11 | 97 | പൂഴി പുഴ റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 642500 | | 633994 | | |
| 12 | 98 | ഐ കെ ബി മുക്ക് ആച്ചിലാട്ട് താഴെ റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 305000 | | 298031 | | |
| 13 | 99 | കുരാറ മണ്ടോള്ള ക്ഷേത്രം റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 402670 | | 0 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 14 | 101 | കണ്ണിപ്പൊയിൽ റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 389976 | | 0 | | |
| 15 | 103 | പ്രതിഭാ കരിപ്പാളമുക്ക് റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 376490 | | 0 | | |
| 16 | 104 | മക്കൻകാവ് റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 477976 | | 477976 | | |
| 17 | 106 | മുത്തോളിൽമുക്ക് നീളം പറമ്പിൽ റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 500604 | | 0 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 18 | 107 | ഉമാമഹേശ്വരി ക്ഷേത്രം അംഗനവാടി റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 433835 | | 0 | | |
| 19 | 119 | കൊപ്രപീടിക പൊന്ന്യക്കൻമുക്ക് റോഡ് ടാറിംഗ് | New | ജനറൽ | 547286 | | 492556 | | |
| 20 | 122 | ഈസ്റ്റ് വള്ള്യായി കാര്യാട ഭഗവതി ക്ഷേത്രം റോഡ് ടാറിങ്ങ് | New | ജനറൽ | 870588 | | 673317 | | |
| 21 | 123 | വച്ചാലിപീടിക അശോകൻപീടിക റോഡ് ടാറിംഗ് | New | ജനറൽ | 525000 | | 0 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 22 | 131 | കളത്തിങ്കൽ പറമ്പ് അണ്ടലീന്റെ വിട റോഡ് ടാറിംഗ് | New | ജനറൽ | 626877 | | 609184 | | |
| 23 | 138 | നെല്ലേരിമുക്ക് കുന്നുമ്മൽ ക്ഷേത്രം റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 499940 | | 491846 | | |
| 24 | 139 | പാറാട്ട്മുക്ക് കുന്നുമ്മൽ റോഡ് നവീകരണ പ്രവർത്തി | New | ജനറൽ | 405000 | | 396906 | | |
| 25 | 140 | പാറേമ്മൽ മൊകേരി അംശം ലിമിറ്റ് റോഡ് – മൊകേരി ലിങ്ക് റോഡ് – നവീകരണ പ്രവൃത്തി | New | ജനറൽ | 802801 | | 0 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 26 | 141 | ഹോമിയോ ഡിസ്പെൻസറി റോഡ് നവീകരണ പ്രവൃത്തി | New | ജനറൽ | 401526 | | 0 | | |
| 27 | 143 | കടേപ്രം ജുമായത്ത് പള്ളി റോഡ് റീടാറിംഗ് | New | ജനറൽ | 330000 | | 328153 | | |
| 28 | 144 | സുരേന്ദ്ര ആറ്റപ്പുറം റോഡ് റീടാറിംഗ് | SO | ജനറൽ | 28613 | | 28613 | | |
| 29 | 145 | കുന്നോത്ത്മുക്ക് പുഞ്ചക്കമാനം റോഡ് പുനരുദ്ധാരണം | SO | ജനറൽ | 300000 | | 273687 | | |
| 30 | 147 | ചാലിൽ മുക്ക് റോഡ് നവീകരണം | SO | ജനറൽ | 38236 | | 38236 | | |
| 31 | 152 | പാറേമ്മൽ മൊകേരി അംശം ലിമിറ്റ് റോഡ് നവീകരണം | SO | ജനറൽ | 1066530 | | 1066530 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 32 | 173 | കുരാറ കുന്ന് റോഡ് നവീകരണം | New | ജനറൽ | 513470 | | 0 | | |
| 33 | 174 | മൃഗാശുപത്രി റോഡ് നവീകരണം | New | ജനറൽ | 496123 | | 0 | | |
| 34 | 179 | ഈസ്റ്റ് വള്ള്യായി കല്ല് വളപ്പ് റോഡ് നവീകരണം | New | ജനറൽ | 300000 | | 0 | | |
| 35 | 180 | ഈസ്റ്റ് വള്ള്യായി കല്ല് വളപ്പ് റോഡ് ഡിസൈൻ ചെയ്യുന്നതിന് തുക നൽകല് | New | ജനറൽ | 150000 | | 50200 | | |
| 36 | 182 | മാക്കുൽപീടിക കക്കുഴിയുള്ള പറമ്പത്ത് സബ് സെന്റർ റോഡ് ടാറിങ്ങ് | New | ജനറൽ | 197780 | | 197780 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 37 | 183 | കുരാറ മണ്ടമുള്ളതിൽ ക്ഷേത്രം ഊട്ടുപുര റോഡ് ടാറിങ്ങ് | New | ജനറൽ | 337781 | | 336114 | | |
| 38 | 184 | ഇന്ദിരഭവൻ മിനിസ്റ്റേഡിയം റോഡ് ടാറിങ്ങ് | New | ജനറൽ | 554524 | | 0 | | |
| 39 | 185 | കളത്തിൽ കുലോത്ത്കണ്ടി നെയ്യൻറെ പറമ്പ് റോഡ് ടാറിങ്ങ | New | ജനറൽ | 580640 | | 580639 | | |
| 40 | 199 | മംഗള ക്വാട്ടേഴ്സ് മുതല് കരിയാടൻ ശ്രീധരന്റെ വീട് വരെ റോഡ് കോണ്ക്രീറ്റിംഗ് | New | ജനറൽ | 400000 | | 392765 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 41 | 201 | എമ്പ്രാൻറവിട മുതൽ പുനത്തില് മുക്ക് വരെ റോഡ് ടാറിംഗ് | New | ജനറൽ | 450000 | | 447905 | | |
| 42 | 202 | കേളോത്ത് ചാമൻറെ മുക്ക് മുതൽ രാജൻറെ വീട് വരെ റോഡ് ടാറിംഗ് | New | ജനറൽ | 441970 | | 126571 | | |
| 43 | 203 | ചാടാല മുതൽ ചാടാല വരെ റോഡ് ടാറിംഗ് | New | ജനറൽ | 450000 | | 412402 | | |
| 44 | 204 | ഏലത്ത് വയൽ നടപ്പാത കോൺക്രീറ്റിംഗ് | New | ജനറൽ | 500000 | | 499210 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 45 | 205 | മഠപ്പുരക്കൽ നടപ്പാത കോൺക്രീറ്റിംഗ് | New | ജനറൽ | 580000 | | 579530 | | |
| 46 | 209 | വള്ള്യായി കാര്യാട്ട് ഭഗവതി ക്ഷേത്രം റോഡ് സംരക്ഷണഭിത്തി | New | ജനറൽ | 300000 | | 0 | | |

## വെല്ലുവിളികൾ- വികസനവിടവുകൾ- പരിഹാര സാധ്യതകൾ

നിലവിലെ റോഡ് വളവുകൾ നിവർത്തി വീതികൂടി ഡ്രൈനേജ് നിർമ്മിച്ച് നടപ്പിലാക്കിയാൽ മാത്രമേ കൂത്തുപറമ്പ്- പാനൂർ മേഖലയിലെ ഗതാഗതകുരുക്കിനും അപകടത്തിനും പരിഹാരമുണ്ടാകൂകയുള്ളൂ. മൊകേരി ഗ്രാമപഞ്ചായത്തിൽ ചെറുതും വലുതുമായ 104 റോഡുകൾ നിലവിലുണ്ട്. അതിൽ 77 റോഡുകൾ ടാർ ചെയ്ത് കഴിഞ്ഞിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളും റോഡുകളും കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്നുയരുന്ന നിർദ്ദേശങ്ങളും ആവശ്യങ്ങളും പരാതികളും ഏറ്റെടുത്തുകൊണ്ട് പഞ്ചായത്തിന്റെ സമതുലിതവും സമഗ്രവുമായ ഗതാഗത വികസനത്തിനും വളർച്ചയ്ക്കും വേണ്ടി നവപദ്ധതികളുമായി ഇനിയും മുന്നേറാനുണ്ട്. നൂറ് കണക്കിന് ബസ്സും ഹെവിലോഡും കൊണ്ട് ചീറി പായുന്ന ലോറികളും സ്കൂൾബസ്സുകളും സ്വകാര്യവാഹനങ്ങളും ഇരുചക്രവാഹനങ്ങളും പെരുകികൊണ്ടിരിക്കുകയാണ്. പൊതുജനങ്ങൾക്ക് ഭയമില്ലാതെ കാൽനട പോലും സാധ്യമല്ലാത്തവിധം റോഡുകൾ നിറയെ വാഹനങ്ങളുടെ കുതിച്ചോട്ടമാണ്. വാഹനങ്ങളുടെ ആധിക്യത്തിന് അനുസരിച്ചുള്ള റോഡ്‌വികസനം അസാധ്യമായിരിക്കുന്നു. അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിന് കേരള സർക്കാർ താൽപര്യത്തോടെ റോഡ്‌വികസനം ഏറ്റെടുക്കുന്നത് ആശ്വാസമാണ്. സർക്കാർ മുൻഗണന നൽകി സ്ഥലം ഏറ്റെടുത്ത് മുന്നോട്ട് വരുമ്പോൾ ഉണ്ടാവുന്ന ഒറ്റപ്പെട്ട എതിർപ്പുകൾ വികസനം തടസ്സപ്പെടുത്തുന്നുവെന്നത് ഗൗരവത്തോടെ ചിന്തിക്കേണ്ട വിഷയമാണ്. സ്ഥലവും സ്ഥാപനവും നഷ്ടപ്പെടുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിച്ച് കൊണ്ടുള്ള പാക്കേജുകൾ പ്രഖ്യാപിച്ചുകൊണ്ടുള്ള ബോധവൽകരണത്തിലൂടെ മുന്നേറേണ്ടതുണ്ട്.

ഇന്നലെകളിലെ ദുർഘടം നിറഞ്ഞ ഇടുങ്ങിയ, വെളിച്ചം പോലുമില്ലാത്ത മൊകേരിയിലെ റോഡുകളും പാലങ്ങളും ഇന്ന് തിളങ്ങി നിൽക്കുകയാണ്. ഒരു നവകേരളം കെട്ടിപ്പടുക്കുന്നതിന് പ്രതിജ്ഞാബദ്ധമായ കേരളസർക്കാറിന് കീഴിൽ 14 ാം പഞ്ചവൽസര പദ്ധതിയിലൂടെയും വാർഷിക പദ്ധതിയിലൂടെയും ഗതാഗതരംഗത്ത് അവശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ച് കൊണ്ട് ഹൈടെക്ക്- വികസനതന്ത്രവുമാവുമായി മൊകേരി ഗ്രാമപഞ്ചായത്ത് മാതൃകയായ് കുതിപ്പിലേക്ക്.

# പതിനാലാം പഞ്ചവത്സരപദ്ധതി
## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് :മൊകേരി

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: പൊതുമരാമത്ത്

| ക്രമ നമ്പർ | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിൻറെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ | പ്രശ്നത്തിനുള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാന് കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം?* | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘു തരം | ഗുരു തരം | അതീ വഗുരുത രം | | തദ്ദേശഭരണസ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയം ഭരണസ്ഥാപനതലത്തിൽ | സർക്കാര് തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | പശ്ചാത്തലം | ചില റോഡുകൾ എത്ര ടാറിംങ്ങ് ചെയ്താലും പൊട്ടിപ്പൊളിയുന്നു | | ✓ | | | guarantee period ന് മുമ്പ് റോഡ് തകരുന്നു. change in traffic density, vehicle design,etc... | tar-road നൊപ്പം interlock/concrete road | | | |
| 2 | പശ്ചാത്തലം | റോഡുകളിൽ drainage സൗകര്യം നൽകാനുള്ള വീതിയില്ല | | ✓ | | | 4 മീറ്ററിൽ കുറവുള്ള റോഡുകൾ ആസ്തിയിൽ ഉൾപ്പെടുത്തുന്നു. | മിനിമം 4.5 മീറ്റർ വീതിയുള്ള റോഡുകൾക്ക് മാത്രമേ tarring purposeചെയ്യാവൂ | | | |
| 3 | പശ്ചാത്തലം | പണിത drainage കൾക്ക് maintanance നടത്തേണ്ടതുണ്ട് | | ✓ | | | Drainage cleaning പദ്ധതി ചെയ്യുന്നില്ല | Drainage cleaning പദ്ധതിയിൽ ഉൾപ്പെടുത്തണം | | | |
| 4 | സേവനം | Bottel bothകൾ clean ചെയ്യുന്നില്ല | | ✓ | | | bottle booth കൾ clean ചെയ്യണം | ഹരിതകർമസേനയെ ചുമതലപ്പെടുത്തുക | | | |

## വികസനപരിപ്രേക്ഷ്യം- ഹ്രസ്വകാല- ദീർഘകാല പരിപ്രേക്ഷ്യം

വാഹനങ്ങളുടെ വർദ്ധനവിന് അനുസരിച്ചുള്ള റോഡ് വികസനം സാധ്യമാകേണ്ടതുണ്ട്. ഇതിന് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോഴുണ്ടാക്കുന്ന എതിർപ്പുകൾ പരിഗണിക്കേണ്ടതുണ്ട്.

| 2021-22 PWD റോഡുകൾ | |
|---|---|
| വള്ളങ്ങാട്-പാത്തിപ്പാലം റോഡ് SH 38 | 3.390 കി.മീ |
| പാത്തിപാലം-മരപ്പാലം റോഡ് MDR | 4.690 കി.മീ |
| മുത്താറിപ്പീടിക-ചെണ്ടയാട് റോഡ് | 800മീ |
| ചാടാലപ്പുഴ-കൂരാറ-മാക്കൂൽപീടിക റോഡ് | 3.960 കി.മീ |
| ആകെ | 12.840 കി.മീ |

ഫോറം എ

| പതിനാലാം പഞ്ചവൽസര പദ്ധതി |
|---|
| 2026–27 വാർഷിക പദ്ധതി |
| വികസന പരിപ്രേക്ഷ്യം /ലക്ഷ്യങ്ങൾ |

**തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി** **വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : പൊതുമരാമത്ത്**

| ക്രമ നം | മേഖല / ഉപമേഖല | പരിപ്രേക്ഷ്യം( വികസന കാഴ്ചപ്പാട്) | സൂചിക | 2022 ലെ അവസ്ഥ | 2027 ലെ ലക്ഷ്യം(പതിനാലാം പഞ്ചവൽസരപദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്) | 2022 – 23 ൽ കൈവരിച്ച നേട്ടം | 2023–24 ൽ കൈവരിച്ച നേട്ടം | 2024–25 കൈവരിച്ച നേട്ടം | 2025–26 ൽ പ്രതീക്ഷിക്കുന്ന നേട്ടം | 2026 –27 ലെ ലക്ഷ്യം | 2026–27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|---|
| 1 | | റോഡിൽ വെള്ളകെട്ടുകൾ ഒഴിവാക്കി ഗതാഗതയോഗ്യമാക്കുക | | | വെള്ളകെട്ടുള്ള പ്രദേശങ്ങളിലെ റോഡുകളിൽ drainage സൗകര്യം ഒരുക്കുക | | | | | | |
| 2 | | നീരുറവയുള്ള പ്രദേശങ്ങളിലെ റോഡുകൾ ഗതാഗതയോഗ്യമാക്കുക | | | നീരുറവയുള്ള പ്രദേശങ്ങളിലെ റോഡുകൾ interlock/concrete ചെയ്ത് കാലദൈർഘ്യം വർദ്ധിപ്പിക്കുക | | | | | | |
| 3 | | എല്ലാ റോഡുകൾക്കും drainage സൗകര്യം ഉറപ്പുവരുത്തുക | | | പുതിയ റോഡുകൾ ആസ്തിയിൽ ഉൾപ്പെടുത്തുമ്പോൾ .4 മീറ്റർ വീതി നിർബന്ധമാണ് | | | | | | |
| 4 | | റോഡുകൾ നിർമ്മിക്കുമ്പോൾ Shreded Plastics, Tar ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കുക | | | പ്ലാസ്റ്റിക്ക് റീസൈക്ലിങ്ങ് ചെയ്ത് റോഡ് ടാർ ചെയ്യുമ്പോൾ പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നു. | | | | | | |

# <u>സംയോജന സാധ്യതകൾ</u>

മുഴുവൻ ജനങ്ങളുടെയും അഭിലാഷമാണ് സഞ്ചാരയോഗ്യമായിട്ടുള്ള പൊതുറോഡുകൾ. ഇതിന് ആവശ്യമായ രൂപത്തിൽ ഫണ്ടുകൾ ലഭ്യമാക്കേണ്ടതുണ്ട്. എം.പി ഫണ്ട്, എം.എൽ.എ ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഇവയെല്ലാം ഈ ആവശ്യത്തിനായി ലഭ്യമാക്കേണ്ടതുണ്ട്.

# MOKERI GRAMAPANCHAYAT - ROAD CONNECTIVITY PLAN



# ഊർജം

## ആമുഖം

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടെ വൈദ്യുതിരംഗത്ത് വമ്പിച്ച കുതിച്ചുചാട്ടം തന്നെയാണ് കേരളം നടത്തിയിരിക്കുന്നത്. നവകേരളം ലക്ഷ്യമാക്കിയുള്ള വികസന പ്രക്രിയയിൽ വൈദ്യുതിയുടെ ഉൽപാദനവും വിനിയോഗവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അടിസ്ഥാന മേഖലയിലും വ്യവസായിക മേഖലയിലും പരാതിക്കിടം നൽകാതെ വൈദ്യുതി രംഗം മെച്ചപ്പെട്ടു കഴിഞ്ഞു. 1996 ജനകീയാസൂത്രണം ആരംഭിക്കുന്ന കാലയളവിൽ വോൾട്ടേജ് ക്ഷാമം അതിരൂക്ഷമായിരുന്നു. വർത്തമാനകാലം ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയിരിക്കുന്നു.

പാനൂർ കെ.എസ്.ഇ.ബി പരിധിയിലായിരുന്ന പഞ്ചായത്തിലെ സ്ഥാപനങ്ങൾ ഇന്ന് ഒരു ഭാഗം പാട്യം കെ.എസ്.ഇ.ബി പരിധിയിലേക്ക് മാറ്റി ജനങ്ങൾക്ക് കൂടുതൽ സേവനം ഉറപ്പുവരുത്തിയിരിക്കുന്നു. എന്നിരുന്നാലും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി യുടെ സബ്സെൻ്റർ സ്ഥാപിക്കേണ്ടതുണ്ട്.

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും.

1996 കാലയളവിൽ 3293 സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ കേവലം 67 % മാത്രമാണ് വൈദ്യുതീകരിക്കപ്പെടുന്നത്.25 വർഷത്തിന് ശേഷം 7823 വീടുകളും സ്ഥാപനങ്ങളും നിലവിൽ വന്നപ്പോൾ പഞ്ചായത്ത് സമ്പൂർണ വൈദ്യുതീകരണം സാധ്യമാക്കിയിരിക്കുന്നുവെന്നത് അഭിമാനകരമാണ്. ആരംഭകാലത്ത് 13സോഡിയം പേപ്പർ ലാമ്പുകളും 8 ട്യൂബ് ലൈറ്റുകളുമടക്കം 195 സ്ട്രീറ്റ് ലൈറ്റുകളുമാണ് മുമ്പ് ഉണ്ടായിരുന്നത്. അതിൽ ഭൂരിപക്ഷവും ഫിലമെൻ്റ് ബൾബുകളായിരുന്നു. എന്നാൽ നിലവിൽ പഞ്ചായത്തിലെ 'നിലാവ്' പദ്ധതിയിൽ തന്നെ 500 എൽ.ഇ.ഡി ലൈറ്റുകൾ മുമ്പ് സ്ഥാപിച്ചിരുന്ന 468 ട്യൂബ് ലൈറ്റും ഒരു സോഡിയം പേപ്പർ ലാമ്പും 2 സിഎഫ്എൽ ലാമ്പും 7 എൽ.ഇ.ഡി ലൈറ്റും ഉണ്ടായിരുന്നതിൽ ഭൂരിഭാഗം നിലാവ് പദ്ധതിയിലൂടെ എൽ.ഇ.ഡി ലൈറ്റുകളാക്കി മാറ്റിയിട്ടുണ്ട്. 2016-21 കാലഘട്ടത്തിൽ എം.എൽ.എ ഫണ്ടിൽ നിന്നും 53000 രൂപ വീതം ചെലവഴിച്ച് പാത്തിപ്പാലത്തും കുന്നോത്ത്മുക്കിലും 2 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

## 25 വർഷത്തെ വിലയിരുത്തൽ

25 വർഷം മുമ്പത്തെ നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറിയ മെഴുകുതിരി ലൈറ്റും മണ്ണെണ്ണ വിളക്കും ഇന്ന് അപ്രത്യക്ഷമായിരിക്കുകയാണ്. വോൾട്ടേജ് കുറവും പവർകട്ടും നിത്യസംഭവമായി മാറിയിരുന്ന കാലം മാറി പ്രധാന കേന്ദ്രങ്ങളിലെല്ലാം ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും ത്രീഫേസ് ലൈൻ വലിച്ചും ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയിരിക്കുന്നു.

ഭാഗികമായി സ്ട്രീറ്റ് മീറ്റർ സ്ഥാപിച്ചതിന്റെ ഭാഗമായി അശാസ്ത്രീയമായ വൈദ്യുതി ചാർജ് നിർണയം വഴി പഞ്ചായത്തിനുണ്ടായ ഭീമമായ നഷ്ടം കുറഞ്ഞു വന്നിട്ടുണ്ട്. എന്നിരുന്നാലും പൂർണ്ണമായ് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കാത്തതിനാൽ ഈ പോരായ്മ ഇന്നും നിലനിൽക്കുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിൽ പ്രധാന റോഡുകളിൽ മാത്രമുണ്ടായിരുന്ന സ്ട്രീറ്റ് ലൈറ്റുകൾ ഇന്ന്പഞ്ചായത്തിന്റെ പൊതുറോഡുകളിൽ ഭൂരിപക്ഷം സ്ഥലങ്ങളിലും സ്ഥാപിക്കാനായിട്ടുണ്ട്. എല്ലാ വീടുകളിലും വൈദ്യുതി എന്ന ലക്ഷ്യം പ്രാവർത്തികമാക്കിയ നമുക്ക് അടുത്ത ലക്ഷ്യം " എല്ലാ റോഡിലും വെളിച്ചം "എന്ന ലക്ഷ്യവുമായ് 14 ാം പഞ്ചവത്സരപദ്ധതിയിലേക്ക് കടക്കണം

1996 കാലഘട്ടത്തിൽ ജനങ്ങൾ അഭമുഖീകരിക്കുന്ന ഏറ്റവും പ്രധാന ഊർജപ്രശ്നം പാചകത്തിനാവശ്യമായ ഊർജമായിരുന്നു. 90 % ആളുകളും ആശ്രയിച്ചിരുന്നത് വിറകിനേയും അടുപ്പിനേയുമാണ്. 10 % പേർ മണ്ണെണ്ണ സ്റ്റൗവുമാണ് ഉപയോഗിച്ചിരുന്നത്. ഇന്നതിൽ നിന്നും മാറി ഗ്യാസ് അടുപ്പുകൾ ഇല്ലാത്ത വീടുകൾ അപൂർവ്വമാണ്. മൊകേരിയിലൂടെ ഗെയിൽ പൈപ്പ്ലൈൻ കടന്ന് പോകുന്നുണ്ട്.

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| തൻ വർഷം (2025-26) ഏറ്റെടുത്ത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് :ഊർജം | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രൊജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1 | 120 | അങ്കണവാടികളിൽ സോളാർ സ്ഥാപിക്കല് | New | ജനറൽ | 1073000 | | 0 | | |

# വെല്ലുവിളികൾ വികസന വിടവുകൾ പ്രശ്ന വിശകലനം പരിഹാര സാധ്യത

നിലാവ് പദ്ധതി വഴി നടപ്പിലാക്കിയിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകൾ പലതും കത്താത്തത് വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. വീടുകളിൽ ഊർജ്ജ ക്ഷമതയുള്ള ഇലക്ട്രിക്ക് ഉപകരണങ്ങൾ ഉപയോഗിക്കേണ്ടതുണ്ട്. അതുവഴി കാർബൺ ഫുഡ്പ്രിന്റ് കുറക്കാൻ സാധിക്കണം. ഇതുമായി ബന്ധപ്പെട്ട് ഇഎംസി യുടെ സഹായത്തോട് കൂടി ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

## പതിനാലാം പഞ്ചവത്സരപദ്ധതി
## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് :മൊകേരി

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: : ഊർജം

| ക്രമ നമ്പർ | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിൻറെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാന് കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം?* | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘു തരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണസ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ | സർക്കാര് തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | | തെരുവ് വിളക്കുകൾ കത്തുന്നില്ല | പഞ്ചായത്ത് പ്രദേശം | | ✓ | | കൃത്യസമയത്ത് അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ | എഎംസി കരാറിൽ ഏർപ്പെടുക, തെരുവ് വിളക്ക് പരാതി രജിസ്റ്റർ സൂക്ഷിക്കൽ | | | |

# വികസന പരിപ്രേക്ഷ്യം, ഹ്രസ്വകാല ,ദീർഘകാല പരിപ്രേക്ഷ്യം

1. പഞ്ചായത്ത് ഓഫീസിലും അനുബന്ധ കെട്ടിടങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുക. കൂടുതൽ ഉള്ള ഊർജം കെ.എസ്.ഇ.ബി ക്ക് വിതരണം ചെയ്യുക
2. തെരുവ് വിളക്ക് ചാർജിനത്തിൽ വലിയ തുക കെ.എസ്.ഇ.ബി യിൽ അടക്കുന്നുണ്ട്. ആയതിനാൽ ഉപഭോഗത്തിനനുസൃതമായി ചാർജ് അടക്കുവാനുള്ള പോംവഴി സ്ട്രീറ്റ് മീറ്റർ സ്ഥാപിക്കുക എന്നതാണ്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും ഭാഗികമായി മാത്രമേ സ്ട്രീറ്റ് മീറ്റർസ്ഥാപിച്ചിട്ടുള്ളു. ആയത് പൂർത്തീകരിക്കുക.
3. എൽ.ഇ.ഡി ബൾബുകളും വൈദ്യുത ഉപകരണങ്ങളും നിർമ്മിക്കുന്നതിനും റിപ്പയറിങ്ങിനും പ്രാദേശികമായി ഒരു സ്ഥാപനം തുടങ്ങുക
4. സ്ട്രീറ്റ് ലൈറ്റ് പകൽ സമയങ്ങളിലും കത്തുന്ന അവസ്ഥ ഇപ്പോഴും ഉണ്ട്. ആയതിനാൽ വൈദ്യുതോർജംവളരെയധികം പാഴാകുന്നുണ്ട്. ആയതിന് ശാശ്വത പരിഹാരം കാണുക
5. മൊകേരി പഞ്ചായത്തിൽ തനതായി ഒരു കെ.എസ്.ഇ.ബി ഓഫീസ് സ്ഥാപിക്കുക
6. സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകൾ, സഹകരണ സ്ഥാപനങ്ങൾ, വായനശാലകൾ, വീടുകൾ എന്നിവിടങ്ങളിൽ സോളാർ ലൈറ്റുകൾ സ്ഥാപിക്കാൻ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ ANERT മായി ബന്ധപ്പെട്ട് ആവിഷികരിക്കക്കുക.
7. പൊതുവഴികളിൽ പരമാവധി സ്ട്രീറ്റ് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
8. ഗെയിൽ ,ഗ്യാസ് പൈപ്പ്ലൈൻ വഴി വീടുകളിൽ നേരിട്ട് ഗ്യാസ് എത്തിക്കുക
9. ബയോഗ്യാസ് പ്ലാന്റുകൾ വീടുകളിൽ സ്ഥാപിക്കുക
10. ഊർജം ഉപഭോഗം കൂടുതലായതുകൊണ്ടുംഗാർഹിക ചെലവു വർദ്ധിക്കുന്നതുമായ ഇൻഡക്ഷൻ കുക്കർ, ഹീറ്റർ തുടങ്ങിയ ഉപകരണങ്ങളുടെ ഉപയോഗം പരമാവധി കുറക്കാനുള്ള ബോധവൽക്കരണം നടത്തുക
11. മുഴുവൻ ജംഗ്ഷനിലും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുക

ഫോറം എ

| പതിനാലാം പഞ്ചവൽസര പദ്ധതി |
|---|
| 2026-27 വാർഷിക പദ്ധതി |
| വികസന പരിപ്രേക്ഷ്യം /ലക്ഷ്യങ്ങൾ |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : ഊർജ്ജം |

| ക്രമ നം | മേഖല/ ഉപമേ ഖല | പരിപ്രേ ഷ്യം( വികസ ന കാഴ്ചപ്പാട് ) | സൂചിക | 2022 ലെ അവ സ്ഥ | 2027 ലെ ലക്ഷ്യം(പതിനാലാം പഞ്ചവൽസരപദ്ധ തിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്) | 2022 – 23 ല് കൈവ രിച്ച നേട്ടം | 2023-24 ൽ കൈവ രിച്ച നേട്ടം | 2024-25 കൈവ രിച്ച നേട്ടം | 2025-26 ൽ പ്രതീക്ഷി ക്കുന്ന നേട്ടം | 2026- 27 ലെ ല ക്ഷ്യം | 2026-27 ലെ ലക്ഷ്യം കൈവരിക്ക ന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങ ളും |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ഊർജ്ജ സമ്പൂ ർണ്ണ സൗരോ ർജ പദ്ധതി | ഓഫീസുക ൾ സൗരോ ർജ പാനലുകൾ സ്ഥാപിക്ക ണം | സൗരോ ർജം | | പുതിയ പദ്ധതി ഏറ്റെടുക്കും | | ഇല്ല | ഇല്ല | ഇല്ല | വൈദ്യു തി മിച്ചം | മേൽ പദ്ധതി ഏറ്റെടുക്കുന്നതിന് ഊർജമേഖലയുടെ സഹായസഹകര ണം ലഭ്യമാക്കണം |

# സംയോജന സാദ്ധ്യതകൾ

ഇഎംസി യുടെയും കെ.എസ്.ഇ.ബി യുടെയും സഹായത്തോട്കൂടി ഊർജ സംരക്ഷണ സാധ്യതകൾ ആരായേണ്ടതുണ്ട്. വാഹനങ്ങൾ ഉൾപ്പെടെ സോളാറിലേക്ക് മാറേണ്ടതുണ്ട്.

# ദാരിദ്ര്യലഘൂകരണം

## (പാർപ്പിടം ഉൾപ്പെടെ)

# ആമുഖം

ജീവിതത്തിന് ആവശ്യമായ മിനിമം കലോറി ഭക്ഷണം ലഭ്യമാകാത്ത ഗ്രാമീണ കുടുംബങ്ങൾ ധാരാളം ഇന്നും നമ്മുടെ സമൂഹത്തിൽ ഉണ്ട്. ഒരു വ്യക്തിയുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തിയാണ് ദാരിദ്ര്യത്തെ നിർണ്ണയിക്കുവാൻ സാധിക്കുന്നത്.

മൊകേരി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലായി ആകെ 4292 കുടുംബങ്ങളാണ് ഉള്ളത്. 2009 വർഷത്തിൽ നടന്ന സെൻസസ് പ്രകാരം ഇതിൽ 1405 കുടുംബങ്ങൾ ന്യൂനപക്ഷ വിഭാഗത്തിലും 20 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിലുമാണ് ഉള്ളത്. ആശ്രയ പദ്ധതിയിൽഉൾപ്പെടുത്ത് ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ എണ്ണം 10 ആണ്. ഇവർക്ക് മരുന്നും ഭക്ഷണവുമൊക്കെ കുടുംബശ്രീ സിഡിഎസിൽ നിന്നും നൽകുന്നുണ്ട്. ഭൂമിയുള്ള ആശ്രയ ഗുണഭോക്താവിന് വീട് നിർമ്മിച്ചു നൽകുന്നുണ്ട്. കേരള സർക്കാറിന്റെ വീടില്ലാത്തവർക്ക് വീടു നിർമ്മിച്ചു നൽകുക എന്ന ഒരു സ്വപ്ന പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിലൂടെ കഴിഞ്ഞ വർഷങ്ങളിലായി 15 വീടും അഗതിരഹിത കേരളം പദ്ധതിയിലൂടെ 3. വീടും പഞ്ചായത്ത് നിർമ്മിച്ചു നൽകിയിട്ടുണ്ട്.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 100 ദിവസത്തെ തൊഴിൽ നൽകി പഞ്ചായത്തിലെ കുടുംബങ്ങളെ ദാരിദ്ര്യലഘൂകരണത്തിന് സഹായിക്കുവാൻ കഴിഞ്ഞ കുറെ വർഷങ്ങളായി നമുക്ക് സാധിച്ചിട്ടുണ്ട്.

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും.

മൊകേരി ഗ്രാമപഞ്ചായത്തിൽ 1996 ൽ 352 ഓല മേഞ്ഞ വീടും 2220 ഓടിട്ട വീടും 721 കോൺക്രീറ്റും ഉൾപ്പെടെ 3793 വീടുകളാണ് ആകെ ഉണ്ടായിരുന്നത്. മിക്ക വീടുകളും 600 ച.അടിക്കും 1000 ച. അടിക്കും ഇടയിൽ തറ വിസ്തീർണ്ണം ഉള്ളവയാണ്. അന്ന് കെട്ടിട നിർമ്മാണ ചട്ടം നിലവിൽ ഉണ്ടായിരുന്നില്ല. അന്ന് കോൺക്രീറ്റ് വീടുകൾ എല്ലാവരുടെയും മോഹമായിരുന്നു. മാക്കൂൽ പീടിക ലക്ഷം വീട് കോളനിയിൽ 24 വീടുകൾ ഉണ്ടായിരുന്നു. ആവശ്യത്തിന് കക്കൂസ് ഉണ്ടായിരുന്നു. വിദഗ്ധരുടെ സേവനത്തോടെ നിർമ്മിക്കുന്ന വീടുകളും കുറവായിരുന്നു.

നിലവിൽ പഞ്ചായത്തിൽ ഓല മേഞ്ഞവീടുകളില്ല. കൂടുതലും കോൺക്രീറ്റ് വീടുകളാണ്. ലൈഫ് മിഷൻ പദ്ധതിയിൽ വീടിന് വേണ്ടി അപേക്ഷ ക്ഷണിച്ചപ്പോൾ ഭൂമിയുള്ള ഭവനരഹിതരിൽ 159 അപേക്ഷയും ഭൂരഹിത ഭവനരഹിതരിൽ 27 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സർവേ നടപടികൾ പൂർത്തിയായി വരുന്നു.

# 25 വർഷത്തെ വിലയിരുത്തൽ

മൊകേരി പഞ്ചായത്തിൽ നിന്നും 25 വർഷക്കാലയളവിൽ വിവിധ പദ്ധതികളിലായി 175 വീട് നിർമ്മിച്ചു നൽകിയിട്ടുണ്ട്. വാസയോഗ്യമല്ലാത്ത 262 വീട് പുനരുദ്ധാരണം നടത്തിയിട്ടുണ്ട്.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ എണ്ണം സെൻസസ് പ്രകാരം കുറഞ്ഞിട്ടുണ്ടെങ്കിലും ഇന്നും പല കുടുംബങ്ങൾക്കും വീട് എന്നത് ഒരു സ്വപ്നമായി ബാക്കി നിൽക്കുകയാണ്. ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം, മേൽക്കൂരപുതുക്കി പണിയൽ എന്നിവയ്ക്ക് പ്രൊജക്റ്റുകൾ വെക്കാറുണ്ട്.കഴിഞ്ഞ 20 വർഷത്തെ കണക്കനുസരിച്ച് നൂറുകണക്കിന് കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് വേണ്ടി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിന് സാധിച്ചു. കിണർ ആൾമറ നിർമ്മാണം, കുടിവെള്ള കിണർ നിർമ്മാണം എന്നിവ വഴിയും നിരവധി കുടുംബങ്ങളിലേക്ക് സഹായം എത്തിക്കുവാൻ സാധിച്ചു. നിരാലംബരായ വനിതകൾക്ക് വേണ്ടി മാത്രം വീട് നൽകുന്നതിനും അത് വഴി അവരുടെ സംരക്ഷണത്തിനും സാധിച്ചിട്ടുണ്ട്.

കേരള സർക്കാരിന്റെ അതിദാരിദ്ര്യലഘൂകരണ പ്രക്രിയയുടെ ഭാഗമായി മൊകേരി പഞ്ചായത്തിൽ നിന്നും 28 അതിദരിദ്രരെ കണ്ടെത്തിയിട്ടുണ്ട്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മൊകേരി ഗ്രാമപഞ്ചായത്ത് അതിദരിദ്ര മുക്ത പഞ്ചായത്തായി 13/03/2025 ന് പ്രഖ്യാപിച്ചു.

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രൊജക്ക്ടുകളുടെ വിശദാംശങ്ങൾ | | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് :ദാരിദ്ര്യ ലഘൂകരണം | | | | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | | |
| 1 | 48 | വീട് വാസയോഗ്യമാക്കൽ അതി ദരിദ്രർ | New | ജനറൽ | 300000 | | 100000 | | | |
| 2 | 49 | ലൈഫ് ഭവന പദ്ധതി | New | ജനറൽ | 1200000 | | 0 | | | |
| 3 | 50 | ലൈഫ് മിഷൻ ഭവന പദ്ധതി പൂർത്തീകരണം | New | ജനറൽ | 9400000 | | 4924200 | | | |
| 4 | 213 | പി എം എ വൈ വിഹിതം നൽകല് | New | ജനറൽ | 140000 | | 140000 | | | |
| 5 | 223 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ)-രണ്ടാം ഗഡു | New | ജനറൽ | 0 | | 6975 | | | |
| 6 | 224 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ)-മൂന്നാം ഗഡു | New | ജനറൽ | 0 | | 6975 | | | |

| പതിനാലാം പഞ്ചവൽസര പദ്ധതി | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| തൻ വർഷം (2025-26) ഏറ്റെടുത്ത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ | | | | | | | | | |
| തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: മൊകേരി വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : | | | | | | | | | |
| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രൊജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 71 | വീട് വാസയോഗ്യമാക്കൽ അതി ദരിദ്രർ | | | 400000 | | 60694 | | |
| 2 | 79 | ലൈഫ് ഭവന പദ്ധതി | | | 6738000 | | 0 | | |
| 3 | 84 | ലൈഫ് ഭവന പദ്ധതി പൂർത്തീകരണം | | | 6113370 | | 1155800 | | |
| 4 | 91 | പിഎംഎവൈ ഭവന പദ്ധതി | | | 140000 | | 0 | | |
| 5 | 127 | വീട് വാസയോഗ്യമാക്കൽ ജനറൽ | | | 1425000 | | 0 | | |
| 6 | 128 | ലൈഫ് ഭവന പദ്ധതി എസ്സി | | | 1600000 | | 300000 | | |